

# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## പനമരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: **dowyd.ksad@kerala.gov.in**
ഫോൺ : **0493-6203672**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-പി4-1250/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 15/12/2025
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനമരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പനമരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനമരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-പി4-1250/2025 തീയ്യതി: 15/12/2025

# വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2024 മുതൽ 14-10-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോ ഡേവിസ് കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 15-10-2025 | 25-10-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-10-2025 | 25-10-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഡേവിഡ് കെ. വി., ഓഡിറ്റ് ഓഫീസർ
ശ്രീ. അലി അക്ബർ കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ഇന്ദു കെ നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അർജുൻ കെ. മാത്യു., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പി.എം.ആസ്യ ടീച്ചർ | പ്രസിഡന്റ് | 01-04-2024 | 29-01-2025 |
| ശ്രീമതി ലക്ഷ്മി ആലക്കമുറ്റം | പ്രസിഡന്റ് | 30-01-2025 | 31-03-2025 |
| ശ്രീ അജയകുമാർ | സെക്രട്ടറി | 01-04-2024 | 06-09-2024 |
| ശ്രീ വിനോദൻ എം ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-09-2024 | 04-11-2024 |
| ശ്രീ സതീശൻ ടി എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-11-2024 | 15-01-2025 |

| | | | |
|---|---|---|---|
| ശ്രീ അബ്ദുൾ ഹുസൈൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-01-2025 | 15-02-2025 |
| ശ്രീ കണ്ണയ്യൻ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-02-2025 | 06-03-2025 |
| ശ്രീ അബ്ദുൾ ഹുസൈൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-03-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അജയകുമാർ | സെക്രട്ടറി | 01-04-2024 | 06-09-2024 |
| ശ്രീ വിനോദൻ എം ടി | സെക്രട്ടറി (അധിക ചുമതല) | 07-09-2024 | 04-11-2024 |
| ശ്രീ സതീശൻ ടി എസ് | സെക്രട്ടറി (അധിക ചുമതല) | 04-11-2024 | 15-01-2025 |
| ശ്രീ അബ്ദുൾ ഹുസൈൻ | സെക്രട്ടറി (അധിക ചുമതല) | 16-01-2025 | 15-02-2025 |
| ശ്രീ കണ്ണയ്യൻ കെ | സെക്രട്ടറി (അധിക ചുമതല) | 16-02-2025 | 06-03-2025 |
| ശ്രീ അബ്ദുൾ ഹുസൈൻ | സെക്രട്ടറി (അധിക ചുമതല) | 07-03-2025 | 31-03-2025 |
| ശ്രീ വിനോദൻ എം ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 04-11-2024 |
| ശ്രീ സതീശൻ ടി എസ് | അസിസ്റ്റന്റ് സെക്രട്ടറി | 04-11-2024 | 15-01-2025 |
| ശ്രീ അബ്ദുൾ ഹുസൈൻ | അസിസ്റ്റന്റ് സെക്രട്ടറി(അധിക ചുമതല) | 16-01-2025 | 15-02-2025 |
| ശ്രീ കണ്ണയ്യൻ കെ | അസിസ്റ്റന്റ് സെക്രട്ടറി | 16-02-2025 | 06-03-2025 |
| ശ്രീ അബ്ദുൾ ഹുസൈൻ | അസിസ്റ്റന്റ് സെക്രട്ടറി(അധിക ചുമതല) | 07-03-2025 | 31-03-2025 |
| ശ്രീമതി ദിവ്യ ടി എൽ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ രാജി | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ വത്സല | മെഡിക്കൽ ഓഫീസർ, CHC | 01-04-2024 | 31-03-2025 |
| ഡോ. ജിതിൻ രാജ് | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2024 | 12-05-2024 |
| ഡോ അരുൺ കുമാർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 13-05-2024 | 30-08-2024 |
| ഡോ ജിതിൻ രാജ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 31-08-2024 | 16-12-2024 |
| ഡോ റുക്സാന | മെഡിക്കൽ ഓഫീസർ, ആയുർവേദം | 17-12-2024 | 06-01-2025 |
| ഡോ ശ്രുതി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 07-01-2025 | 31-03-2025 |
| ശ്രീമതി സുനിത | ഫിഷറീസ് സബ് ഇൻപെട്കർ | 01-04-2024 | 31-03-2025 |
| ശ്രീമതി ജോയ്സി സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി വനജ എ ജി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീ പൈലി | ഹെഡ് മാസ്റ്റർ | 01-04-2024 | 31-03-2025 |
| ശ്രീ ജയരാജ് കെ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീ നവീൻ രാജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ഡോ ബീന | മെഡിക്കൽ ഓഫീസർ, | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| | ഹോമിയോ | | |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | ആസ്തികൾക്ക് ഡിപ്രിസിയേൻ നൽകിയിട്ടില്ല | 1-1-4 |
| 6 | ഇ-ടെണ്ടർ ഫോറം വില അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-5 |
| 7 | വാർഷിക കണക്കുകളെ സാധൂകരിക്കും വിധം രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല | 1-1-6 |
| 8 | ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിച്ചത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | Income & Expenditure (I-6)ഷെഡ്യൂളിലെ തുകകൾ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | മുൻവർഷത്തെ നീക്കിബാക്കിയും, തൻവർഷത്തെ മുൻബാക്കിയും തമ്മിൽ പൊരുത്തക്കേട് | 1-1-9 |
| 11 | ട്രഷറി അക്കൗണ്ടിലെ മുന്നിരിപ്പ് തുക വാർഷിക കണക്കിൽ നെഗറ്റീവ് ആയി രേഖപ്പെടുത്തി | 1-1-10 |
| 12 | വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് B4-B17 ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തക്കേട് | 1-1-11 |
| 13 | ബെനഫിഷ്യറി കോൺട്രിബ്യൂഷൻ ചെലവഴിക്കാതെ ബാക്കി നിൽക്കുന്നു | 1-1-12 |
| 14 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-13 |
| 15 | നിലവിലില്ലാത്ത ബാങ്ക് അക്കൗണ്ടിൽ ബാലൻസ് ഉള്ളതായി രേഖപ്പെടുത്തി | 1-1-14 |
| 16 | തനത് ഫണ്ട് ഉൾപ്പെടെയുള്ള ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ നടത്തിയിട്ടില്ല. | 1-1-15 |
| 17 | കോവിഡ് ഫണ്ട് ഇപ്പോഴും ട്രഷറി അക്കൗണ്ടിൽ ചെലവഴിക്കാതെ നിൽനിൽക്കുന്നു | 1-1-16 |
| 18 | കാലാവധി കഴിഞ്ഞ ചെക്ക് സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-17 |
| 19 | ചെക്ക് മുഖേന ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല | 1-1-18 |
| 20 | വരവിനങ്ങളുടെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-19 |
| 21 | പദ്ധതി ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-20 |
| 22 | ബജറ്റ് | 1-2 |
| 23 | സാമ്പത്തിക വിശകലനം | 1-3 |
| 24 | ഫണ്ട് വിനിയോഗം ( ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-4 |
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | തൊഴിലുറപ്പു പദ്ധതി | 1-6 |
| 27 | ക്ഷേമപദ്ധതികൾ | 1-7 |
| 28 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 30 | ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്യുന്നതിലെ അപാകങ്ങൾ | 1-10 |
| 31 | കെട്ടിടങ്ങളിൽ നിന്നുള്ള വാടക- ഡിമാന്റ്/കളക്ഷൻ സംബന്ധിച്ച അപാകങ്ങൾ | 1-11 |
| 32 | അൺ എയിഡഡ് സ്കൂളുകളിലെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 33 | റിസോർട്ടുകളിലെ കെട്ടിടങ്ങളുടെ പെർമിറ്റ്/വസ്തുനികുതി ഡിമാന്റ് സംബന്ധിച്ച അവ്യക്തതകൾ, അനധികൃത നിർമ്മാണങ്ങളും | 1-13 |
| 34 | തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിലെ അപാകങ്ങൾ | 1-14 |

| | | |
|---|---|---|
| 35 | തനത് ഫണ്ടിൽ നിന്നുള്ള പണം പിൻവലിക്കൽ ബാങ്ക് ബുക്കിൽ പ്രതിഫലിക്കുന്നില്ല | 1-15 |
| 36 | മൃഗാശുപത്രിയിലേക്കാവശ്യമായ മരുന്നുകൾ വാങ്ങൽ - ജി.എസ്.ടി. - ടി.ഡി.എസ് ഈടാക്കിയില്ല. | 1-16 |
| 37 | മാലിന്യം നീക്കം ചെയ്യൽ - ബില്ലുകൾ ക്രമപ്രകാരമല്ല. | 1-17 |
| 38 | എല്ലാ പ്രോജക്ടുകളുടെയും വിവരം ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-18 |
| 39 | ചെലവ് പത്രികയിൽ ചില പ്രോജക്ടുകളുടെ ചെലവ് തുക രേഖപ്പെടുത്തിയില്ല. | 1-19 |
| 40 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - കൃത്യമായ മോണിറ്ററിംഗ് സംവിധാനമില്ല. | 1-20 |
| 41 | പഞ്ചായത്ത് ഓഫീസിൽ ലാൻഡ് ഏരിയ നെറ്റ് വർക്ക് സ്ഥാപിക്കൽ | 1-21-1 |
| 42 | കുറുമ്പാലക്കോട്ട രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1-21-2 |
| 43 | കമ്പത്തുകുന്ന് കുടിവെള്ള പദ്ധതി ഇലക്ട്രിക്ക് ലൈൻ വലിക്കൽ | 1-21-3 |
| 44 | അംഗൻവാടി പുനർ നിർമ്മാണം വിഹിതം നൽകൽ | 1-21-4 |
| 45 | വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. | 1-21 |
| 46 | ഇ ടെണ്ടർ ഫീ - ഗ്രാമ പഞ്ചായത്തിൽ വരവ് വരുന്നില്ല. | 1-22 |
| 47 | പ്രൈസ്-3 സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട് ഓഡിറ്റേഴ്സ് ലോഗിനിൽ അഭിമുഖീകരിക്കുന്ന അപര്യാപ്തതകൾ | 1-23 |
| 48 | അസി.എഞ്ചിനീയർ ചെലവ് ശതമാനം കുറവ് | 1-24 |
| 49 | അസി.എഞ്ചിനീയർ- 2024-25 വർഷത്തെ ചെലവ് പത്രികയിൽ 2 പദ്ധതികളുടെ ചെലവ് - ₹ 15,30,412/-രേഖപ്പെടുത്തിയിട്ടില്ല. | 1-25 |
| 50 | പാലുകുന്ന് അംഗൺവാടിക്ക് മുകളിൽ സാംസ്കാരിക നിലയം - നിലവിലും പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല. | 1-26 |
| 51 | കംഫർട്ട് സ്റ്റേഷൻ നവീകരണം - വിശ്രമ കേന്ദ്രം നിർമ്മാണവും ഒന്നാം നിലയിലേക്ക് റാമ്പ് നിർമ്മിച്ച് ടോയിലറ്റ് നിർമ്മാണവും - ₹ 1,49,044/- അധികം തുക നൽകി. | 1-27 |
| 52 | അസി.എഞ്ചിനിയർ -ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു. | 1-28 |
| 53 | ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഇല്ലാത്ത പ്രവർത്തികൾക്ക് തുക ചെലവാക്കി. | 1-29 |
| 54 | പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാർക്ക് സമയം നീട്ടി നൽകൽ-പിഴ ഈടാക്കിയിട്ടില്ല - | 1-30 |
| 55 | ഷീ ഹെൽത്ത് പദ്ധതി - ടെണ്ടർ നടപടികളിലെ അപാകതകൾ | 1-31 |
| 56 | എസ്.എസ്.കെ വിഹിതം നൽകൽ - അധിക തുക തിരികെ ലഭ്യമായില്ല | 1-32 |
| 57 | അഗതി ആശ്രയ പദ്ധതി വിനിയോഗ വിവരം ഹാജരാക്കിയില്ല | 1-33 |
| 58 | വി. ഇ. ഒ യുടെ അക്കൗണ്ടിലേക്ക് ഭവന പുനരുദ്ധാരണ ഗുണഭോക്താക്കൾ തിരികെ ഒടുക്കിയ തുക സർക്കാറിലേക്ക് അടവാക്കിയില്ല | 1-34 |
| 59 | ഭവന പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തീകരിച്ചില്ല | 1-35 |
| 60 | ലൈഫ് ഭവന നിർമ്മാണം - പൂർത്തീകരിച്ചില്ല | 1-36 |
| 61 | ആരോഗ്യ മേഖല ഗ്രാന്റ്-അവലോകനം | 1-37 |
| 62 | ജൽ ജീവൻ മിഷൻ പദ്ധതിക്ക് ഗ്രാമപഞ്ചായത്തിൽ തുക ചെലവഴിച്ചില്ല | 1-38 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കംഫർട്ട് സ്റ്റേഷൻ നവീകരണം - വിശ്രമ കേന്ദ്രം നിർമ്മാണവും ഒന്നാം നിലയിലേക്ക് റാമ്പ് നിർമ്മിച്ച് ടോയിലറ്റ് നിർമ്മാണവും - ₹ 1,49,044/- അധികം തുക നൽകി. | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |

| | | |
|---|---|---|
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-9 |
| 10 | ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statement | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പനമരം ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനം(നം.1/1 തീ.18/06/2025) പ്രകാരം തയ്യാറാക്കി, 03/09/2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പനമരം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്ത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടിംഗ് മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പനമരം ഗ്രാമ പഞ്ചായത്തിന്റെ 2024-2025 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്**

**സ്ഥലം: കൽപ്പറ്റ**
**തീയതി: 15/12/2025**

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും ധനകാര്യ പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക കണക്കിനോടൊപ്പം മേൽ പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും, പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| ആകെ ക്യാഷ് ഫ്ലോ | 2,89,83,949/- |
| മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം | 7,54,26,034/- |

## 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള ആസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

## 1-1-4 ആസ്തികൾക്ക് ഡിപ്രിസിയേഷൻ നൽകിയിട്ടില്ല

വാർഷിക കണക്കിലെ ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ആസ്തികളുടെ ഡിപ്രിസിയേഷൻ ഉൾപ്പെടുത്തിയിട്ടില്ല. 2023-24 സാമ്പത്തിക വർഷത്തെയും, ഓഡിറ്റ് വർഷത്തെയും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(a) യിൽ ഒരേ തുക (-4,14,46,123) തന്നെയാണ് ആകെ “Accumulated Depreciation” ആയി ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-1-5 ഇ-ടെണ്ടർ ഫോറം വില അക്കൗണ്ട് ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടേതുൾപ്പെടെ, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ 2024-25 വർഷവും, മുൻവർഷങ്ങളിലും നടപ്പാക്കിയ വിവിധ പദ്ധതികളുടെ ഇ-ടെണ്ടർ ഫീ ഇനത്തിലുള്ള തുക സ്ഥാപനത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇ-ടെണ്ടറുകളുടെ ഫീ ഏത് ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ആകുന്നത് എന്ന വിവരവും ലഭ്യമല്ല.

## 1-1-6 വാർഷിക കണക്കുകളെ സാധൂകരിക്കും വിധം രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല

1.ഗ്രാമപഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ, ഓഡിറ്റ് വർഷം മുൻകൂറുകൾ അനുവദിച്ചതിന്റെയും, റീകൂപ്പ് ചെയ്തതിന്റെയും വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
2.വസതി ലോണിന്റെ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. KURDFCലോണിന്റെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് (ബി-5) ഷെഡ്യൂൾ പ്രകാരം ലോൺ ഇനത്തിൽ ആകെ 1,90,48,935 രൂപ ബാലൻസ് ഉണ്ട്. എന്നാൽ, ലോൺ രജിസ്റ്റർ കാലികമാക്കാത്തതിനാൽ ലോണിന്റെ തിരിച്ചടവ് ഉൾപ്പെടെയുള്ള വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
3.ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തൻവർഷത്തെ ഡെപ്പോസിറ്റ് തുകകളും, ഡെപ്പോസിറ്റിന്റെ നീക്കിബാക്കിയും സംബന്ധിച്ച് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
4.ബിൽ രജിസ്റ്റർ ക്രമപ്രകാരം പരിപാലിച്ചിട്ടില്ല. നിലവിലെ ബിൽ രജിസ്റ്ററിൽ, എല്ലാ ബില്ലുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഉൾപ്പെടുത്തിയവയിൽ, വൗച്ചർ നമ്പർ ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾ ലഭ്യമല്ല.

## 1-1-7 ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിച്ചത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

ഫിഷറീസ് ഇൻസ്പെക്ടർ നടപ്പാക്കിയ പദ്ധതികളിൽ, ഗുണഭോക്തൃ വിഹിതം വാർഷിക കണക്കിൽ ഉൾപ്പെടുത്താതെ നേരിട്ട് ചെലവഴിച്ചു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പദ്ധതി | വാർഷിക കണക്കിൽ ഉൾപ്പെടുത്താതെ നേരിട്ട് ചെലവഴിച്ച തുക |
|---|---|---|---|
| 1 | 74/2025 | മുറ്റത്തൊരു മീൻതോട്ടം | 120000 |
| 2 | 115/2025 | മുറ്റത്തൊരു മീൻതോട്ടം | 20000 |
| ആകെ | | | 140000 |

## 1-1-8 Income & Expenditure (I-6)ഷെഡ്യൂളിലെ തുകകൾ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

ചുവടെ ചേർക്കുന്ന ഫണ്ടുകൾ/ഗ്രാന്റുകളുടെ വാർഷിക കണക്കുകൾ പ്രകാരമുള്ള തുക ( Income & Expenditure (I-6)ഷെഡ്യൂൾ + ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ) ചെലവ് പത്രികയുമായി (സുലേഖ) പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഫണ്ട്/ഗ്രാന്റ് | വാർഷിക കണക്ക് പ്രകാരം | ചെലവ് പത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | വികസന ഫണ്ട്- ജനറൽ | 3,96,90,614 | 3,78,69,814 | 18,20,800 |
| 2 | വികസന ഫണ്ട്- ട്രൈബൽ സബ് പ്ലാൻ | 2,47,70,909 | 2,47,59,025 | 11,884 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,73,63,024 | 1,74,24,032 | 61,008 |

## 1-1-9 മുൻവർഷത്തെ നീക്കിബാക്കിയും, തൻവർഷത്തെ മുൻബാക്കിയും തമ്മിൽ പൊരുത്തക്കേട്

2023-24 വർഷത്തെ ബാലൻസ് ഷീറ്റിലുള്ള 2 ശീർഷകങ്ങളിലെ നീക്കിബാക്കിയും 2024-25 വർഷത്തെ ട്രയൽ ബാലൻസിലെ അതത് ശീർഷകങ്ങളിലെ മുൻബാക്കിയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ശീർഷകം | 2023-24 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിബാക്കി | 2024-25 വർഷത്തെ ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിബാക്കി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 310900101- “Excess Of Income Over Expenditure” | 3,38,11,867.72 | 3,38,62,902.72 |
| 2 | 431910201- Outdoor Collection Control Account | 0 | 51035 |

## 1-1-10 ട്രഷറി അക്കൗണ്ടിലെ മുന്നിരിപ്പ് തുക വാർഷിക കണക്കിൽ നെഗറ്റീവ് ആയി രേഖപ്പെടുത്തി

ഓഡിറ്റ് വർഷത്തെ ട്രയൽ ബാലൻസ് പ്രകാരം "450210104- Treasury Account Of Traditional Functions Fund” എന്ന ശീർഷകത്തിൽ ക്രെഡിറ്റ് സൈഡിലാണ് 12000 രൂപയുടെ മുന്നിരിപ്പ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2023-24 വർഷത്തെ ബാലൻസ് ഷീറ്റിലും മേൽ തുക നെഗറ്റീവ് ബാലൻസ് ആയിട്ടാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-1-11 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് B4-B17 ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തക്കേട്

**എ)** വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ "320100201- Grants For Specific Purpose- Health Grant” എന്ന ശീർഷകത്തിൽ 5,00,000 രൂപ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ, മേൽ തുക ബാലൻസ് ഷീറ്റ് ബി17 ഷെഡ്യൂളിൽ പ്രതിഫലിച്ചിട്ടില്ല.
**ബി)** വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിലെ 320200104, 320200113 എന്നീ ഹെഡ്ഡുകളിലായി യഥാക്രമം “Development Fund- CFC- Tied, Development Fund- CFC Untied” എന്നീ ഇനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ആകെ തുക 3,47,09,883 രൂപയാണ്. എന്നാല്, ബി17 ഷെഡ്യൂൾ പ്രകാരം CFC ഗ്രാന്റ് (ടൈഡ്& അൺടൈഡ്) കൈകാര്യം ചെയ്യുന്ന കേരള ഗ്രാമീൺ ബാങ്കിന്റെ 40527101040166 നമ്പർ അക്കൗണ്ടിലെ നീക്കിയിരിപ്പ് 3,31,19,245 രൂപയാണ്.
**സി)** വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിലെ 320100160- Rural Housing- Housing For All” എന്ന ശീർഷകത്തിൽ ഉൾപ്പെട്ടിട്ടുള്ള തുക 43,66,837 രൂപയാണ്. എന്നാൽ, ബി17 ഷെഡ്യൂൾ പ്രകാരം ലൈഫ് ഭവന പദ്ധതിയുടെ സ്റ്റേറ്റ് ഷെയർ കൈകാര്യം ചെയ്യുന്ന കനറാ ബാങ്കിന്റെ 856101062449 നമ്പർ അക്കൗണ്ടിലെ നീക്കിയിരിപ്പ് 46,04,149 രൂപയാണ്.
**ഡി)** വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിലെ “320300102- Grants, Funds And Contributions For Specific Purposes- Other Government Agencies- Jalanidhi” എന്ന ശീർഷകത്തിൽ ഉൾപ്പെട്ടിട്ടുള്ള തുക 56,70,112 രൂപയാണ്. എന്നാല്, ബി17 ഷെഡ്യൂൾ പ്രകാരം ലൈഫ് ഭവന പദ്ധതിയുടെ സ്റ്റേറ്റ് ഷെയർ കൈകാര്യം ചെയ്യുന്ന കനറാ ബാങ്കിന്റെ 856101060236 നമ്പർ അക്കൗണ്ടിലെ നീക്കിയിരിപ്പ് 16,55,1324 രൂപയാണ്.

## 1-1-12 ബെനഫിഷ്യറി കോൺട്രിബ്യൂഷൻ ചെലവഴിക്കാതെ ബാക്കി നിൽക്കുന്നു

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് B4 പ്രകാരം 320800101 എന്ന ഹെഡ്ഡിൽ ബെനഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിൽ 36,22,449 രൂപ നീക്കിയിരിപ്പ് ഉണ്ട്. ഇതിൽ 35,26,449 രൂപ 2024-25 സാമ്പത്തിക വർഷാരംഭം മുൻബാക്കിയായി ഉണ്ടായിരുന്ന തുകയാണ്. ആയത് നാളിതുവരെ ചെലവഴിച്ചിട്ടില്ല.

## 1-1-13 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി, തൊഴിൽനികുതി എന്നിവയ്ക്ക് വർഷാരംഭത്തിലോ തുടർന്നുള്ള മാസങ്ങളിലോ ഡിമാന്റ് എൻട്രി വരുത്തിയിട്ടില്ല. ലഡ്ജർ പരിശോധനയിൽ, വർഷാന്ത്യത്തിലാണ് പ്രസ്തുത നികുതികളുടെ ഡിമാന്റ് എൻട്രികൾ വരുത്തിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

## 1-1-14 നിലവിലില്ലാത്ത ബാങ്ക് അക്കൗണ്ടിൽ ബാലൻസ് ഉള്ളതായി രേഖപ്പെടുത്തി

ബാലൻസ് ഷീറ്റ് ബി 17 ഷെഡ്യൂളിൽ 450210101 ശീർഷകത്തിൽ “Nationalised Bank Account Of Own Revenue Fund” എന്ന അക്കൗണ്ടിൽ 11,094 രൂപ ബാലൻസ് ഉള്ളതായി കാണുന്നു. എന്നാൽ അപ്രകാരം ഒരു അക്കൗണ്ട് ഉള്ളതായി ഐ.എൽ.ജി.എം.എസ്. റിപ്പോർട്ടിലെ ബാങ്ക് ബുക്ക്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞിട്ടില്ല. ബാങ്ക് അക്കൗണ്ടിന്റെ പാസ് ബുക്ക്/ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

## 1-1-15 തനത് ഫണ്ട് ഉൾപ്പെടെയുള്ള ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

കനറാ ബാങ്കിന്റെ(ബാങ്ക് ലയനത്തിന് മുൻപ് സിന്റിക്കേറ്റ് ബാങ്ക്) 47502200014120 നമ്പർ അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക്

ലഭ്യമായിട്ടില്ല. മേൽ അക്കൗണ്ട് ഏതാവശ്യത്തിന് ഉപയോഗിക്കുന്നതാണെന്നുള്ള വിവരവും ലഭ്യമായിട്ടില്ല. കൂടാതെ, വസതി ലോൺ കൈകാര്യം ചെയ്യുന്ന ജില്ലാ സഹകരണ ബാങ്കിലെ 130061201020022 നമ്പർ അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.
തനത് ഫണ്ട് കൈകാര്യം ചെയ്യുന്നതിന് കനറാ ബാങ്കിന്റെ 856101061406 നമ്പർ അക്കൗണ്ട്, കേരള ബാങ്കിന്റെ 170410801000611 നമ്പർ അക്കൗണ്ട് എന്നിവ ഉപയോഗിക്കുന്നുണ്ട്. ഇരു അക്കൗണ്ടുകളുടെയും റീകൺസിലിയേഷൻ പൂർത്തിയാക്കിയിട്ടില്ല. ലഭ്യമായ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് അപൂർണ്ണമാണ്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബാങ്ക് | അക്കൗണ്ട് നം | നീക്കിയിരിപ്പ് | |
|---|---|---|---|---|
| | | | വാർഷിക കണക്ക് പ്രകാരം | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം |
| 1 | കനറാ ബാങ്ക് പനമരം | 856101061406 | 15880396 | 1,58,59,661 |
| 2 | കേരള ബാങ്ക് പനമരം | 170410801000611 | 5436111.50 | 73,32,765 |

## 1-1-16 കോവിഡ് ഫണ്ട് ഇപ്പോഴും ട്രഷറി അക്കൗണ്ടിൽ ചെലവഴിക്കാതെ നിൽനിൽക്കുന്നു

ബാലൻസ് ഷീറ്റ് ബി 17 ഷെഡ്യൂളിൽ 450210105 ശീർഷകത്തിൽ കോവിഡ് ഫണ്ട് ഇനത്തിൽ 11111, 0101010 എന്നീ അക്കൗണ്ട് നമ്പറുകളിൽ 2 ട്രഷറി അക്കൗണ്ടുകളിലായി യഥാക്രമം 11,094, 8,30,421 എന്നീ തുകകൾ ഇപ്പോഴും ബാലൻസ് ഉള്ളതായി കാണുന്നു. മേൽ തുകകൾ യഥാസമയം ചെലവഴിക്കുകയോ, സർക്കാരിലേക്ക് തിരികെ അടവാക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത അക്കൗണ്ടുകളുടെ റീകൺസിലിയേഷനും നടത്തിയിട്ടില്ല.

## 1-1-17 കാലാവധി കഴിഞ്ഞ ചെക്ക് സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റെയിൽ ചെക്കുകൾ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| ക്രമ നം | ബാങ്ക് | അക്കൗണ്ട് നം | ചെക്ക് നം (റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം | ചെക്ക് ഇഷ്യൂ ചെയ്ത തീയതി | തുക |
|---|---|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക്, പനമരം (സി.എഫ്.സി) | 40527101040166 | P/128 | 29-11-2024 | 1,85,820 |
| 2 | | | P/133 | 29-11-2024 | 23,951 |
| 3 | | | P/131 | 29-11-2024 | 1,32,804 |
| 4 | | | P/127 | 29-11-2024 | 1,51,301 |
| 5 | | | P/130 | 29-11-2024 | 48,304 |

മേൽ ചെക്ക് നമ്പറുകൾ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് യഥാർത്ഥ ചെക്ക് നമ്പറിന്റെ രൂപത്തിലല്ല എന്ന് കാണുന്നു.

## 1-1-18 ചെക്ക് മുഖേന ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല

ചുവടെ ചേർക്കുന്ന ചെക്ക് മുഖേന ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

| ബാങ്ക് | അക്കൗണ്ട് നം | ചെക്ക് നം (റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം | ചെക്ക് ഡെപ്പോസിറ്റ് ചെയ്ത തീയതി | തുക |
|---|---|---|---|---|
| കേരള ഗ്രാമീൺ ബാങ്ക് | 40527111000496 | 9496048315 | 28-11-2024 | 3,693 |

കൂടാതെ, എസ്.ബി.ഐ(അഞ്ചുകുന്ന്) 36905159412 നമ്പർ അക്കൗണ്ടിൽ വിവിധ ചെക്കുകൾ മുഖേന ഡെപ്പോസിറ്റ് ചെയ്ത തുക (ആകെ: 2,583 രൂപ) നാളിതുവരെ ക്രമീകരിച്ചിട്ടില്ല. മേൽ ചെക്കുകളുടെ ചെക്ക് നമ്പർ/തീയതി എന്നീ വിവരങ്ങൾ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-19 വരവിനങ്ങളുടെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ഓഡിറ്റ് വർഷത്തെ വിവിധ വരവിനങ്ങളുടെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**തൊഴിൽ നികുതി(ജീവനക്കാർ)**

| | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| വാർഷിക കണക്ക് പ്രകാരം | 24,94,550 (I-1) | 24,56,300 (RP-1) |
| ഡിമാന്റ് രജിസ്റ്റർ പ്രകാരം | 24,94,550 | 24,94,550 |
| വ്യത്യാസം | 0 | 38,250/- |

**തൊഴിൽ നികുതി(സ്ഥാപനങ്ങൾ)**

| | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| വാർഷിക കണക്ക് പ്രകാരം | 70,000 (I-1) | 84,390 (RP-45) |
| ഡിമാന്റ് രജിസ്റ്റർ പ്രകാരം | 70,000 | 70,000 |
| വ്യത്യാസം | 0 | 14,390/- |

കൂടാതെ, 2023-24 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി15 പ്രകാരം "431120102-Professional Tax-Institutions" എന്ന ഹെഡ്ഡിലെ ബാലൻസ് "0" ആണ്. എന്നാൽ 2024-25 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് റിപ്പോർട്ടിലെ ഷെഡ്യൂൾ RP-45 പ്രകാരം "431120102- Receivables For Profession Tax- Institutions(Arrears)" എന്ന ശീർഷകത്തിൽ 6,250 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻ വർഷത്തെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടാത്ത അരിയർ തുക തൻവർഷം റസീപ്റ്റ് ചെയ്തത് എപ്രകാരമാണെന്ന് വ്യക്തമല്ല.

**തൊഴിൽ നികുതി(ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻസ്/പ്രൊഫഷണൽസ്)**

| | **ഡിമാന്റ്** | **കളക്ഷൻ** |
|---|---|---|
| വാർഷിക കണക്ക് പ്രകാരം | 7,78,670 (I-1) | **7,37,860** [(2023-24ലെ B9)+ (2024-25ലെ RP45)]+(2024-25 ലെ RP35) - (2024-25 ലെ B9)] (B9ലെ തുക ഓഡിറ്റ് വർഷത്തെ അഡ്വാൻസ് കളക്ഷൻ ആണെങ്കിൽ) |
| ഡിമാന്റ് രജിസ്റ്റർ പ്രകാരം | 7,78,670 | 7,78,670 |
| വ്യത്യാസം | 0 | 40,810/- (B9ലെ തുക ഓഡിറ്റ് വർഷത്തെ അഡ്വാൻസ് കളക്ഷൻ ആണെങ്കിൽ) |

**വസ്തു നികുതി**

| | | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| വസ്തു നികുതി (കറന്റ്) | വാർഷിക കണക്ക് പ്രകാരം | 1,23,58,237 (I-1) | 1,14,27,040 (തൻവർഷത്തെ RP-45 + മുൻവർഷത്തെ B9+ തൻവർഷത്തെ RP 35 - തൻവർഷത്തെ B9) (ലൈബ്രറി സെസ് കൂടാതെ) | 9,76,850 (B15) (ലൈബ്രറി സെസ് ഉൾപ്പെടെ) |
| | ഡിമാന്റ്-കളക്ഷൻ-ബാലൻസ് പത്രിക പ്രകാരം | 1,23,58,237 | 1,14,18,409 | 9,29,856 |
| വസ്തു നികുതി (അരിയർ) | വാർഷിക കണക്ക് പ്രകാരം | 13,97,387 (ലൈബ്രറി സെസ് ഉൾപ്പെടെ) (2023-24ലെ B15) | 7,15,350 (RP-45) (ലൈബ്രറി സെസ് കൂടാതെ) | 5,73,343 (B15) (ലൈബ്രറി സെസ് ഉൾപ്പെടെ) |
| | ഡിമാന്റ്-കളക്ഷൻ-ബാലൻസ് പത്രിക | 12,64,660 | 7,26,391 | 5,45,441 |

| | പ്രകാരം | | | |
|---|---|---|---|---|

വസ്തുനികുതി കറന്റ്, അരിയർ, എന്നിവയുടെ ഡി.സി.ബി. പ്രകാരമുള്ള ഡിമാന്റിൽ നിന്ന് കളക്ഷൻ കുറവ് ചെയ്താൽ ബാലൻസ് തുക ലഭിക്കുന്നില്ല.

വാടക

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | 20,22,744 (I-3) | 19,07,440 (RP-45) | 1,15,304 (B15) |
| ഡിമാന്റ് രജിസ്റ്റർ പ്രകാരം | 20,23,344 | 19,89,324 | 34,020 |
| വ്യത്യാസം | 600/- | 81,884/- | 81,284 |

## 1-1-20 പദ്ധതി ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

ശുചിത്വ മിഷന്റെ ഭാഗമായ "കംഫർട്ട് സ്റ്റേഷൻ നവീകരണം- വിശ്രമ കേന്ദ്രം നിർമ്മാണവും ഒന്നാം നിലയിലേക്ക് റാമ്പ് നിർമ്മിച്ച് ടോയിലറ്റ് നിർമ്മാണവും" എന്ന പ്രോജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചെലവഴിച്ച 7,00,000 രൂപ (TRN:241808000000004230/07-09-204) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി സംബന്ധിച്ച വിശദ വിവരങ്ങൾക്ക് ഖണ്ഡിക 1-27 കാണുക.

## 1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് 20.02.2024 തീയതിയിലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | ബജറ്റ് |
|---|---|
| മുന്നിരിപ്പ് | 4858810 |
| തൻവർഷ വരവ് | 539834000 |
| ആകെ | 544692810 |
| ചെലവ് | 539570700 |
| നീക്കിയിരിപ്പ് | 5122110 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 56,038,645.50 |
| തൻവർഷ വരവ് | 133994297 |
| ആകെ | 190,032,942.50 |
| ചെലവ് | 58568263 |
| നീക്കിയിരിപ്പ് | 131,464,679.50 |

## 1-4 ഫണ്ട് വിനിയോഗം ( ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 43174825 | 43174825 | 37869814 | 5305011 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 2685239 | 2685239 | 2515382 | 169857 |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 31400007 | 31400007 | 24759025 | 6640982 |
| മെയിന്റനൻസ്, റോഡ് | 0 | 91392000 | 91392000 | 12541091 | 78850909 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 11413000 | 11413000 | 4602910 | 6810090 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Basic) - ട്രഷറി | 0 | | | | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Basic) - ബാങ്ക് | 2575977 | 19272012 | 21847989 | 7021698 | 14826291 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) - ട്രഷറി | | | | | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) -ബാങ്ക് | 15818638 | 11538000 | 27356638 | 7473046 | 19883592 |

വാർഷിക കണക്ക് പ്രകാരമുള്ള തുക ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | വാർഷിക കണക്ക് പ്രകാരം | ചെലവ് പത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 39690614 | 37869814 | 1820800 |
| വികസന ഫണ്ട്- ടി.എസ്.പി | 24770909 | 24759025 | 11884 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) -ബാങ്ക് | 7473046 | 9732044 | -2258998 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Basic) - ബാങ്ക് | 7021698 | 7691988 | -670290 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളു ശതമാനം |
|---|---|---|---|---|---|---|
| 505 | 449247432 | 178 | 123967523 | - | 327 | 35.2% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 7609295 | 7163186 | 94.14 |
| വെറ്ററിനറിസർജന് | 6 | 6 | 4265968 | 3229290 | 75.7 |
| മെഡിക്കൽ ഓഫീസർ പി എച്ച് സി/ സി.എച്ച്.സി | 15 | 10 | 7464797 | 4188031 | 56.10 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | 165000 | 165000 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 3 | 3 | 2150000 | 2150000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 3 | 340000 | 200000 | 58.82 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 25 | 20 | 186418744 | 35092619 | 18.82 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 0 | 0 | 0 | 0 | |
| ഐസി ഡി എസ് സൂപ്പർവൈസർ | 10 | 7 | 16580427 | 13017589 | 78.51 |
| സെക്രട്ടറി | 93 | 37 | 64206948 | 17797534 | 27.72 |
| ഹെഡ് മാസ്റ്റർ , | 8 | 7 | 4995000 | 4708646 | 94.27 |
| അസി. എഞ്ചിനിയർ | 314 | 71 | 145950366 | 30868853 | 21.15 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 4067300 | 4067300 | 100 |
| അസി.സെക്രട്ടറി | 19 | 6 | 5033587 | 1319475 | 26.21 |
| | 505 | 178 | 449247432 | 123967523 | 27.59 |

## 1-6 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1,934,859.00 | 1934859 | 1934859 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (വേതനം + മെറ്റീരിയൽസ് ) | | 128862141 | 128862141 | 128862141 | 0 |
| | | 130797000 | 130797000 | 130797000 | 0 |

( വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്ക് പ്രകാരം ആകെ വരവ് - 130797000(I6). ആകെ ചെലവ് 128862811(I-14C) +2,098,467 (I-14F) = 130961278, വ്യത്യാസം -164278 )

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 9385200 | 575 |
| വിധവാപെൻഷൻ | 28322000 | 1867 |
| വാർദ്ധക്യകാലപെൻഷൻ | 46544500 | 3284 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 8819600 | 561 |
| അമ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 763000 | 53 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.10.2025 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 20,353/- (ഇരുപതിനായിരത്തി മുന്നൂറ്റി അമ്പത്തി മൂന്ന്) രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടിയിരിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളും പദ്ധതിനിർവ്വഹണപ്രവർത്തനങ്ങളും ഫലപ്രദമായി കൊണ്ടുപോകുവാൻ മികച്ച ആഭ്യന്തര നിയന്ത്രണം അനിവാര്യമാണ്. ഓഫീസിൽ കൃത്യമായ ജോലി വിഭജനമോ, സെക്ഷനുകളുടെ ഉത്തരവാദിത്തങ്ങളോ നിർണ്ണയിച്ചതായുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്തിൽ ജോലിചെയ്ത ജീവനക്കാർ, നിർവ്വഹണോദ്യോഗസ്ഥന്മാർ എന്നിവർ ആരൊക്കയാണ് എന്ന് വ്യക്തമാക്കുന്ന ഇൻകുംബൻസി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഫയലുകൾ കൃത്യമായും, ക്രമമായും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് കാലയളവിൽ വിവിധ സെക്ഷനുകൾ കൈകാര്യം ചെയ്ത ജീവനക്കാർ നിലവിൽ ആരും തന്നെ ഓഫീസിൽ ഇപ്പോൾ ജോലിയിൽ ഇല്ലാത്തതിനാൽ ഫയലുകൾ വിവരങ്ങൾ ലഭ്യമാക്കുന്നതിന് പൂർണ്ണമായും സാധിച്ചിട്ടില്ല.

വാർഷിക കണക്കുമായി ബന്ധപ്പെട്ട പരിശോധനക്ക് ആവശ്യമായ രജിസ്റ്ററുകൾ ഒന്നും പൂർണ്ണമായും തയ്യാറാക്കിയിട്ടില്ല. ലോൺ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ ,ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവിധ വരവ് ചെലവുകളുടെ ആധികാരികത പരിശോധിക്കാനാവശ്യമായ രേഖകൾ, പത്രികകൾ എന്നിവ കൃത്യതയോടെ തയ്യാറാക്കിയിട്ടില്ല. പദ്ധതി പദ്ധതിയേതര ചെലവുകളുമായി ബന്ധപ്പെട്ട് വിനിയോഗിക്കുന്ന തുകയുടെ ഫണ്ട് വിവരങ്ങൾ, വൗച്ചർ നംബർ, ബിൽനംബർ എന്നിവയുടെ വിവരങ്ങൾ ഫയലുകളിൽ ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ, രേഖകൾ ലഭ്യമല്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബജറ്റ് മാനുവലിലെ വ്യവസ്ഥകൾക്കുനുസൃതമായാണ് ബജറ്റ് തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നടപടിക്രമങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ കാര്യമായ യാതൊരു രേഖപ്പെടുത്തലുമില്ല. പദ്ധതി രൂപീകരണം സംബന്ധിച്ചോ, മോണിറ്ററിംഗ് സംബന്ധിച്ചേ നടന്നിട്ടുള്ള ചർച്ചകളോ, തീരുമാനങ്ങളോ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിനടത്തിപ്പിൽ കൃത്യമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടെയും, വർക്കിംഗ്

ഗ്രൂപ്പുകളുടെയും ചുമതലയാണ് എന്നാൽ പ്രൊജക്ട് ഫയലുകളിൽ ഒന്നിലും വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

വയനാട് ജില്ലയിലെ 23 വാർഡുകളുള്ള വലിയ പഞ്ചായത്താണ് പനമരം ഗ്രാമപഞ്ചായത്ത്, എസ്.സി.എസ്.ററി ജനസംഖ്യ ഉൾപ്പെടെ വളരെ കൂടുതലാണ്. കാർഷിക ഭൂമിയും വളരെ കൂടുതലാണ് ആതുകൊണ്ട് തന്നെ കാർഷിക മേഖല ഉൾപ്പെടെയുള്ള നടപ്പാക്കുന്ന പദ്ധതികളും കൂടുതലായിട്ടുണ്ട്. എന്നാൽ എല്ലാ മേഖലകളിലും സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ മനുഷ്യവിഭവശേഷി മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് കുറവാണ്. ആയത് പരിശോധിക്കേണ്ടതാണ്. ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് ഫ്രണ്ട് ഓഫീസ് സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്. കൃത്യമായ ജോലിവിഭജനത്തിലൂടെയും ,പ്രതിമാസ യോഗങ്ങളിലൂടെയും സെക്ഷനുകളിലെയും പദ്ധതിസംബന്ധിച്ചുമുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങളും ജീവനക്കാർക്ക് ജോലിചെയ്യാൻ ആവശ്യമയ ഭൗതീക സാഹചര്യങ്ങൾ ഏർപ്പെടുത്തി നൽകിയും, ഓഫീസ് പ്രവർത്തനങ്ങളും, പദ്ധതി നടത്തിപ്പും കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്യുന്നതിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ലൈസൻസ് ഡിമാന്റുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.

2024-25 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം പനമരം ഗ്രാമപഞ്ചായത്തിൽ 871 സ്ഥാപനങ്ങളാണ് ലൈസൻസ് എടുക്കേണ്ട ഉപയോഗക്രമങ്ങളിൽ ഉള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ആകെ 23 വാർഡുകളിലായി 541 ട്രേഡേഴ്സ് ആണ് ഉൾപ്പെട്ടിട്ടുള്ളത്. മേൽ വിവരങ്ങളിൽ നിന്നും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല എന്ന് വ്യക്തമാവുന്നു.

2) ലൈസൻസ് എടുക്കേണ്ട ഉപയോഗ ക്രമങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് 100 ശതമാനം ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളതായാണ് അറിയിച്ചിട്ടുള്ളത്. ലൈസൻസ് രജിസ്റ്റർ പ്രകാരം 462 സ്ഥാപനങ്ങളിൽ നിന്നും അഡ്വാൻസ് കളക്ഷനായും, 409 സ്ഥാപനങ്ങളിൽ നിന്നും കറന്റ് കളക്ഷനായും ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ട്. എന്നാൽ 2024-25 സാമ്പത്തിക വർഷാരംഭത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കേണ്ട ഉപയോഗ ക്രമങ്ങളിൽ പ്രവർത്തിത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ എണ്ണം, ഓഡിറ്റ് വർഷം പ്രവർത്തനം ആരംഭിച്ച സ്ഥാപനങ്ങളുടെ എണ്ണം, പ്രവർത്തനം അവസാനിപ്പിച്ച സ്ഥാപനങ്ങളുടെ എണ്ണം, ഓഡിറ്റ് വർഷം പ്രവർത്തനം ആരംഭിച്ച പുതിയ സ്ഥാപനങ്ങളുടെ എണ്ണം എന്നിങ്ങനെയുള്ള ആധികാരിക വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിൽ നിന്നും, കൃത്യമായ ഡാറ്റാബേസ് ഇല്ലാതെയാണ് ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്തിട്ടുള്ളതെന്ന് ബോധ്യമാവുന്നു. ലൈസൻസ് ഫീസിന്റെ ഡിമാന്റ് തയ്യാറാക്കിയതിന് ആധാരമാക്കിയ രേഖകൾ എന്തെല്ലാമാണെന്ന് വ്യക്തമല്ല. ലൈസൻസ് നേടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് പരിശോധനകൾ നടത്തുന്നില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(എൻകഃ.നം:04/2024-25) ലഭ്യമാക്കിയ മറുപടിയിൽ, ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി അടുത്ത പ്രാദേശിക പരിശോധനാ വേളയിൽ ഹാജരാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. മേൽ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതും, ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്യുന്നതിന് കൃത്യമായ ഡാറ്റാബേസ് തയ്യാറാക്കി അറിയിക്കേണ്ടതുമാണ്.

## 1-11 കെട്ടിടങ്ങളിൽ നിന്നുള്ള വാടക- ഡിമാന്റ്/കളക്ഷൻ സംബന്ധിച്ച അപാകങ്ങൾ

പനമരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**(എ)** ഓഡിറ്റ് വർഷത്തെ വാടക ഡി.സി.ബി രജിസ്റ്റർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 21 കടമുറികൾ (കെട്ടിട നം: 10/7, 10/8, 10/9, 10/5, 10/3, 11/10, 10/10, 10/11, 10/12, 10/475, 10/476, 10/477, 10/478, 10/479, 10/480, 10/481, 10/482, 10/483A, 10/483B, 10/483E, 10/483D) വാടകയ്ക്ക് നൽകിയിട്ടുള്ളതായി വ്യക്തമായിട്ടുണ്ട്. എന്നാൽ വാടക ബൈലോ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല. ജി.ഒ.(എം.എസ്)105/97/തസ്വഭവ, തീയതി 12/05/1997 വിജ്ഞാപന പ്രകാരം വാടകയ്ക്ക് നൽകുന്ന കടമുറികൾ ഉള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

**(ബി)** വാർഷിക കണക്കിലെ I3 ഷെഡ്യൂൾ പ്രകാരം **"Rent From Auditoriums And Halls"** (130300101) എന്ന ഹെഡ്ഡിൽ 94,931 രൂപ ഉൾപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഹാൾ വാടകയ്ക്ക് നൽകിയ ഇനത്തിലെ വരുമാനമാണ് മേൽ തുക എന്ന് കാണുന്നു. എന്നാൽ, ഇപ്രകാരം എത്ര കക്ഷികൾക്ക് ഹാൾ വാടകയ്ക്ക് നൽകിയിട്ടുണ്ട് എന്നത് സംബന്ധിച്ചും, ഹാൾ ഉപയോഗിച്ചവരിൽ നിന്നും എത്ര തുക വീതമാണ് ഈടാക്കിയത്(രസീത് നം/തീയതി ഉൾപ്പെടെ) എന്നത് സംബന്ധിച്ചും ഉള്ള

വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
**(സി)** വാടകരജിസ്റ്റർ ക്രമപ്രകാരം പരിപാലിക്കുന്നില്ല. കടമുറികളുടെ ലേലം നടന്ന തീയതിയോ, കരാർ കാലാവധിയോ രേഖപ്പെയുത്തിയിട്ടില്ല. 10/7, 10/8, 10/5, 11/10, 10/12, 10/483A കെട്ടിടങ്ങളുടെ പ്രതിമാസവാടക അതത് മാസങ്ങൾക്ക് നേരെ രേഖപ്പെടുത്താതെ വർഷാന്ത്യത്തിലെ തുക മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
**(ഡി)** 10/11, 10/482 എന്നീ നമ്പറുകളിലുള്ള കടമുറികളിൽ നിന്നും ഓഡിറ്റ് വർഷത്തിൽ വാടക ലഭിച്ചിട്ടില്ല. ഡി.സി.ബി രജിസ്റ്റർ പ്രകാരം ഇരു മുറികളിൽ നിന്നുമായി ആകെ 34020 (14460+19560) രൂപ കളക്ഷൻ ലഭിക്കാൻ ബാക്കിയുണ്ട്. മേൽ തുക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടിക്രമങ്ങൾ അറിയിക്കേണ്ടതാണ്.
മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (എൻകവ.നം:07/2024-25) ലഭ്യമാക്കിയ മറുപടിയിൽ, ക്രമ നം 1,2 പ്രകാരമുള്ള അപാകങ്ങൾ പരിഹരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ആയത് പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.
ക്രമ നം.3 പ്രകാരമുള്ള അപാകത്തിന് മറുപടിയായി, ILGMS/KSMART പ്രകാരം പരിശോധിക്കാവുന്നതാണ് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. കടമുറികളുടെ ലേലം നടന്ന തീയതി, കരാർ കാലാവധി, വാടക ഡിമാന്റ്- കളക്ഷൻ- ബാലൻസ് വിവരങ്ങൾ ILGMS/KSMART ലെ ഏത് വിൻഡോ പ്രകാരമാണ് പരിശോധിക്കാൻ കഴിയുന്നത് എന്നറിയിക്കേണ്ടതാണ്.
ക്രമ നം.4 പ്രകാരമുള്ള അപാകത്തിന് മറുപടിയായി, മൈനർ ഇറിഗേഷൻ വകുപ്പിന് നൽകിയ നോട്ടീസിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. മേൽ നോട്ടീസിൽ കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് അന്വേഷണ കുറിപ്പിൽ പ്രതിപാദിച്ചിട്ടുള്ള കടമുറികളിൽ ഏതെങ്കിലുമാണോ മൈനർ ഇറിഗേഷൻ വകുപ്പിന് വാടകയ്ക്ക് നൽകിയത് എന്നത് വ്യക്തമല്ല. 10/11, 10/482 എന്നീ നമ്പറുകളിലുള്ള കടമുറികളിൽ നിന്നും ഓഡിറ്റ് വർഷത്തെ വാടത ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12 അൺ എയിഡഡ് സ്കൂളുകളിലെ വസ്തു നികുതി ഈടാക്കിയിട്ടില്ല

28.03.2023 തീയതിയിലെ 15(2)/Leg.എ2/2023/നിയമം നമ്പർ വിജ്ഞാപന പ്രകാരം 2023 ഏപ്രിൽ 1 പ്രാബല്യത്തിൽ കേരള സർക്കാർ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ഭേദഗതി ചെയ്തിട്ടുണ്ട്. മേൽ വിജ്ഞാപന പ്രകാരം കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 ഭേദഗതി ചെയ്ത് സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർസെക്കണ്ടറി തലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും നികുതിയിൽ നിന്ന് ഒഴിവാക്കിയ 207 (1)(ബിഎ)) സെക്ഷൻ നീക്കം ചെയ്തിട്ടുണ്ട്. ആയതിനാൽ 2023-24 സാമ്പത്തിക വർഷം മുതൽ പ്രാബല്യത്തിൽ അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് വസ്തു നികുതി ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ നിന്നും അധികം ദൂരെയല്ലാതെ 2 അൺ എയിഡഡ് സ്കൂളുകൾ സ്ഥിതി ചെയ്യുന്നുണ്ട്.

1.ക്രസന്റ് പബ്ലിക് ഹൈസ്കൂൾ

2.സെന്റ് മേരീസ് പബ്ലിക് സ്കൂൾ

ഇരു സ്കൂളുകളിലുമായി നിലവിലുള്ള എല്ലാ നിർമ്മാണങ്ങൾക്കും ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും പെർമിറ്റ് ഇല്ലാത്ത നിർമ്മാണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടി വിവരങ്ങളും സഞ്ചയയിൽ വസ്തുനികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ ഉൾപ്പെടുന്ന ഫോം 6 ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻകവയറി നം.34/ 25.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് ആവശ്യപ്പെട്ട വിവരങ്ങൾ, ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-13 റിസോർട്ടുകളിലെ കെട്ടിടങ്ങളുടെ പെർമിറ്റ്/വസ്തുനികുതി ഡിമാന്റ് സംബന്ധിച്ച അവ്യക്തതകൾ, അനധികൃത നിർമ്മാണങ്ങളും

കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകി നമ്പറും അനുവദിച്ച ശേഷം കെട്ടിടമുടമകൾ ഗ്രാമപഞ്ചായത്തിന്റെ അനുമതി കൂടാതെ അധിക നിർമ്മാണങ്ങൾ നടത്തുന്ന സാഹചര്യം ഒഴിവാക്കുന്നതിനും, അനധികൃത നിർമ്മാണങ്ങൾ യഥാസമയം പഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനുമായി 2019ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 21 പ്രകാരം പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. രണ്ട് നില വരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, മതപരമായ കെട്ടിടങ്ങൾ, ഗ്രൂപ്പ് G1, G2, I ഒക്യുപൻസികൾക്ക് കീഴിലുള്ള കെട്ടിടങ്ങൾ എന്നിവ ഒഴികെയുള്ളവയിൽ, ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ല്യൂ വകുപ്പ് പ്രകാരം ക്രമവൽക്കരിക്കാൻ സാധിക്കാത്ത കെട്ടിടങ്ങളുടെ സംഗതിയിൽ, നിർമ്മാണം പൂർത്തിയാക്കുകയോ, ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ച് മാറ്റുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നെങ്കിൽ

ഒടുക്കേണ്ടിയിരുന്ന വസ്തുനികുതിയും, അതോടൊപ്പം അതിന്റെ 2 ഇരട്ടിയും ചേർന്നുള്ള തുക ഈടാക്കേണ്ടതാണ് എന്ന് കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ വകുപ്പ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

പനമരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള, ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ ഓഡിറ്റിന്റെ ഭാഗമായി 23.10.2025 തീയതികളിൽ നടത്തിയ സ്ഥലപരിശോധനയിൽ, ഗ്രാമപഞ്ചായത്തിൽ നിന്നും നമ്പർ അനുവദിച്ചതോ, അനുവദിക്കാത്തതോ എന്ന് വ്യക്തമല്ലാത്ത ഏതാനും കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. റിസോർട്ടുകളിൽ ഭൂരിഭാഗം കെട്ടിടങ്ങൾക്കും കെട്ടിട നമ്പർ പ്രദർശിപ്പിച്ചിട്ടില്ലാത്തതിനാൽ അനധികൃത നിർമ്മാണങ്ങളുണ്ടോ എന്ന് പരിശോധിക്കുന്നതിന് തടസ്സം നേരിടുന്നു. കേരള പഞ്ചായത്ത് രാജ് ചട്ടം 235 ലംഘനമാണിത്. ഇത് ഗുരുതരമായ വിഷയം ആണ്. ഭാവിയിൽ അനധികൃത നിർമാണങ്ങൾ വ്യാപിക്കാൻ ഇത്തരം പ്രവണത കാരണമായേക്കാം. കൂടുതൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1)ടവർ ഹിൽ റിസോർട്ട്**

പനമരം ഗ്രാമപഞ്ചായത്ത് പരിധിയിൽ വിളമ്പുകണ്ടം എന്ന സ്ഥലത്തായി സ്ഥിതി ചെയ്യുന്ന, ടവർ ഹിൽ എന്ന റിസോർട്ടിൽ 4 നിർമ്മാണങ്ങൾ ഉണ്ട്(കെട്ടിടനമ്പരുകൾ പ്രദർശിപ്പിച്ചിട്ടില്ല).

നിർമ്മാണം 1: അടുക്കളയും 3 മുറികളും ഉൾപ്പെട്ട കെട്ടിടം, നിർമ്മാണം 2: ഡോർമിറ്ററി കെട്ടിടം , നിർമ്മാണം 3: കാർ ഷെഡ്, നിർമ്മാണം 4: ടോയ്ലറ്റ് ബ്ലോക്ക്+ സ്റ്റാഫ് ക്വാട്ടേഴ്സ്



*അടുക്കളയും 3 മുറികളും ഉൾപ്പെട്ട കെട്ടിടം*



*ഡോർമിറ്ററി കെട്ടിടം*



*കാർ ഷെഡ്*

2) **മൗണ്ടൻ പോണ്ട് റിസോർട്ട്**

ഗ്രാമപഞ്ചായത്ത് പരിധിയിൽ കുറുമ്പാലക്കോട്ട എന്ന സ്ഥലത്തായി സ്ഥിതി ചെയ്യുന്ന, മേൽ റിസോർട്ടിൽ 13 നിർമ്മാണങ്ങളും, ഒരു കുളത്തിന് കുറുകെ സിപ് ലൈനും ഉണ്ട്(കെട്ടിടനമ്പരുകൾ പ്രദർശിപ്പിച്ചിട്ടില്ല).

നിർമ്മാണം 1: റിസപ്ഷൻ കെട്ടിടം, നിർമ്മാണം 2: കോട്ടേജ് 1, നിർമ്മാണം 3: കോട്ടേജ് 2, നിർമ്മാണം 4: കോട്ടേജ് 3, നിർമ്മാണം 5: കോട്ടേജ് 4

നിർമ്മാണം 6: കോട്ടേജ് 5, നിർമ്മാണം 7: കോട്ടേജ് 6, നിർമ്മാണം 8: കോട്ടേജ് 7, നിർമ്മാണം 9: കോട്ടേജ് 8, നിർമ്മാണം 10: കോട്ടേജ് 9

നിർമ്മാണം 11 : കിച്ചൺ+റെസ്റ്റോറന്റ്, നിർമ്മാണം 12: സ്വിമ്മിംഗ് പൂൾ, നിർമ്മാണം 13: പൂളിനോട് ചേർന്ന ഓപ്പൺ സ്ട്രക്ച്ചർ




*റിസപ്ഷൻ കെട്ടിടം*



*കോട്ടേജുകൾ- 1 മുതൽ 9 വരെ*



*കിച്ചൺ+റെസ്റ്റോറന്റ്*



*പൂളിനോട് ചേർന്ന ഓപ്പൺ സ്ട്രക്ച്ചർ*



*സ്വിമ്മിംഗ് പൂൾ*

**3) <u>ഫിൽസർസ് സ്നോ വൈറ്റ് റിസോർട്ട്</u>**

ഗ്രാമപഞ്ചായത്ത് പരിധിയിൽ പടിക്കംവയൽ എന്ന സ്ഥലത്തായി സ്ഥിതി ചെയ്യുന്നു. മേൽ റിസോർട്ടിൽ 8 നിർമ്മാണങ്ങൾ ഉണ്ട്(കെട്ടിടനമ്പരുകൾ പ്രദർശിപ്പിച്ചിട്ടില്ല).

നിർമ്മാണം 1: റിസപ്ഷൻ കെട്ടിടം+ 2 മുറികൾ, നിർമ്മാണം 2: സ്യൂട്ട് റൂം കെട്ടിടം, നിർമ്മാണം 3: സ്വിമ്മിംഗ് പൂൾ + ടോയ്ലറ്റ്, നിർമ്മാണം 4: ഓപ്പൺ സ്ട്രക്ച്ചർ ഗെയിം സ്പേസ്

നിർമ്മാണം 5: വില്ല 1, നിർമ്മാണം 6: വില്ല 2, നിർമ്മാണം 7: വില്ല 3, നിർമ്മാണം 8: വില്ല 4



*റിസപ്ഷൻ കെട്ടിടം+ 2 മുറികൾ*



*സ്യൂട്ട് റൂം കെട്ടിടം*



*സ്വിമ്മിംഗ് പൂൾ + ടോയ്ലെറ്റ്*



*ഓപ്പൺ സ്ട്രക്ച്ചർ ഗെയിം സ്പേസ്*



*വില്ലകൾ 1 മുതൽ 4 വരെ*

**4) ഡി.ജെ റിവർ മെഡോസ് റിസോർട്ട്**

ഗ്രാമപഞ്ചായത്ത് പരിധിയിൽ കൂടൽക്കടവ് എന്ന സ്ഥലത്തായി സ്ഥിതി ചെയ്യുന്ന, മേൽ റിസോർട്ടിൽ 7 നിർമ്മാണങ്ങൾ ഉണ്ട്(കെട്ടിടനമ്പരുകൾ പ്രദർശിപ്പിച്ചിട്ടില്ല).

നിർമ്മാണം 1: റിസപ്ഷൻ കെട്ടിടവും, അതോട് ചേർന്ന പൂളും , നിർമ്മാണം 2: കോട്ടേജ് 1, നിർമ്മാണം 3: കോട്ടേജ് 2, നിർമ്മാണം 4: ഓപ്പൺ സ്ട്രക്ചർ ഗെയിം സ്പേസ്

നിർമ്മാണം 5: കോട്ടേജ് 3, നിർമ്മാണം 6: കോട്ടേജ് 4, നിർമ്മാണം 7: കോട്ടേജ് 5



*റിസപ്ഷൻ കെട്ടിടവും, അതോട് ചേർന്ന പൂളും*



*കോട്ടേജുകൾ 1 മുതൽ 5 വരെ*



*ഓപ്പൺ സ്ട്രക്ചർ ഗെയിം സ്പേസ്*

**5) റിവർ വാലി ഹട്സ്**

ഗ്രാമപഞ്ചായത്ത് പരിധിയിൽ മാത്തൂർ എന്ന സ്ഥലത്തായി സ്ഥിതി ചെയ്യുന്നു. മേൽ റിസോർട്ടിൽ 5 നിർമ്മാണങ്ങൾ ഉണ്ട്(കെട്ടിടനമ്പരുകൾ പ്രദർശിപ്പിച്ചിട്ടില്ല).




നിർമ്മാണം 1: കെട്ടിടം 1, നിർമ്മാണം 2: കെട്ടിടം 2, നിർമ്മാണം 3: കെട്ടിടം 3 (നിർമ്മാണം പുരോഗമിക്കുന്നു), നിർമ്മാണം 4: കെട്ടിടം 4

നിർമ്മാണം 5: സ്വിമ്മിംഗ് പൂൾ + വാഷ് റൂം കോംപ്ലക്സ്

**മേൽ നിർമ്മാണങ്ങൾ സംബന്ധിച്ച അധിക വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻകവ.നം:28/25.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.**

1.മേൽ പരാമർശിത നിർമ്മാണങ്ങളിൽ KPBR ചട്ടം പ്രകാരമാണെങ്കിൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലെങ്കിൽ അവയ്ക്കെതിരെ സ്വീകരിച്ച നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

2. പരാമർശിത നിർമ്മാണങ്ങളിൽ എത്രയെണ്ണത്തിന് പെർമിറ്റ്/നമ്പർ നൽകിയിട്ടുണ്ട് എന്നത് സംബന്ധിച്ച വിവരങ്ങൾ, പെർമിറ്റ് അപേക്ഷകൾ നിരസിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ, അനധികൃത നിർമ്മാണം ഉണ്ടെങ്കിൽ ആയത് നീക്കം ചെയ്യുന്നതിനോ, U/A നമ്പർ നൽകുന്നതിനോ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

3. എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതി നിർണ്ണയ വിവരങ്ങൾ ഉൾപ്പെടുന്ന ഫോം 6 സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

4. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 235 പ്രകാരം നമ്പർ പതിക്കുന്ന കെട്ടിടങ്ങളിൽ നിന്നും ഏതൊരാൾക്കും നിയമപരമായ അനുമതിയില്ലാതെ ഈ നമ്പറുകൾ മാറ്റാനോ നശിപ്പിക്കാനോ പാടില്ല എന്നിരിക്കേ, നിലവിൽ കെട്ടിടനമ്പർ പ്രദർശിപ്പിക്കാത്ത കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും, ഇല്ലെങ്കിൽ വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

5. മേൽ റിസോർട്ടുകളിൽ ഏതിന്റെയെങ്കിലും പെർമിറ്റ് അപേക്ഷ റെഡ് സോണുമായി ബന്ധപ്പെട്ട് നിരസിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

6. മൗണ്ടൻ പോണ്ട് റിസോർട്ടിലെ ഏതെങ്കിലും നിർമ്മാണങ്ങൾ തണ്ണീർത്തട സംരക്ഷണ നിയമത്തിനറെ ലംഘനം ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

7. മൗണ്ടൻ പോണ്ട് റിസോർട്ടിന് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്. സിപ് ലൈൻ പ്രവർത്തിപ്പിക്കാൻ അഡ്വഞ്ചർ ടൂറിസം ലൈസൻസ് നേടിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

<u>പൊതുവായ നിർദ്ദേശങ്ങൾ</u>

**1. റിസോർട്ടായി പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക്, വസ്തുനികുതി ചട്ടങ്ങൾ പ്രകാരം റിസോർട്ടുകൾക്കുള്ള വസ്തു നികുതി തന്നെയാണ് ചുമത്തുന്നതെന്ന് ഉറപ്പുവരുത്തണം. ഹോംസ്റ്റേ, ലോഡ്ജ് എന്ന് ലൈസൻസ് എടുത്തു റിസോർട്ടായി ടൂറിസ്റ്റ് വെബ്സൈറ്റുകളിൽ പരസ്യം ചെയ്തു പ്രവർത്തിക്കുന്ന റിസോർട്ടുകൾ കണ്ടെത്താൻ പ്രത്യേക പരിശോധനകൾ നടത്തണം.**

**2. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള കെട്ടിടങ്ങൾ മാത്രമാണ് റിസോർട്ടുകളിലും/ഹോംസ്റ്റേകളിലും പ്രവർത്തിക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടതും അനധികൃതമായി കെട്ടിടങ്ങൾ ഉണ്ടെന്ന് ബോധ്യപ്പെട്ടാൽ യു/എ (U/A) നമ്പർ ഇടാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് പഞ്ചായത്ത് രാജ് നിയമപ്രകാരം യു/എ നമ്പറിനുള്ള വസ്തു നികുതി ചുമത്തുകയും മറ്റ് നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ കേരള പഞ്ചയാത്ത് രാജ് ആക്റ്റിലെ സെക്ഷൻ 235 എ.എ പ്രകാരം മൂന്നിരട്ടി വസ്തുനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.**

**3.മുകളിൽ പറഞ്ഞ എല്ലാ റിസോർട്ടുകൾക്കും, അംഗീകൃത കെട്ടിടങ്ങളെല്ലാം കാണിക്കുന്ന പൂർണ്ണമായ സൈറ്റ് പ്ലാൻ സമർപ്പിക്കേണ്ടതാണ്, കൂടാതെ ശരിയായ സ്ഥല പരിശോധനയ്ക്ക് ശേഷം ഓരോ കെട്ടിടത്തിലെയും കെട്ടിട നമ്പറുകളും ഫോം 6 എയും സമർപ്പിക്കേണ്ടതാണ്. കെട്ടിട നമ്പറുകൾ കെട്ടിടം തിരിച്ച് പട്ടികാ രൂപത്തിൽ സമർപ്പിക്കണം. ഉദാഹരണത്തിന്, ഒരു റിസോർട്ടിൽ 10 കെട്ടിടങ്ങളുണ്ടെങ്കിൽ, ഓരോ**

കെട്ടിടത്തിനും അനുവദിച്ച കെട്ടിട നമ്പറുകൾ ഒരു പട്ടിക രൂപത്തിൽ വ്യക്തമായി കാണിക്കണം.

4.ഓഡിറ്റ് സമയപരിധിക്കുള്ളിൽ ഏതാനും റിസോർട്ടുകൾ/ഹോംസ്റ്റേയ്ക്കൽ മാത്രമേ പരിശോധിക്കാൻ സാധിച്ചുള്ളൂ. ഇത്തരം അപാകതകൾ വ്യപകമായി ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ പഞ്ചായത്ത് പരിധിയിലെ മുഴുവൻ റിസോർട്ടുകളെയും /ഹോം സ്റ്റേകളെയും പരിശോധനക്ക് വിധേയമാക്കേണ്ടതാണ്. ഒരു സമ്പൂർണ ഡാറ്റാബേസ് ഉണ്ടാക്കുന്നതും ഉചിതമാകും. ഇല്ലെങ്കിൽ പഞ്ചായത്തിന് വളരെ വലിയ വരുമാന നഷ്ടം ഉണ്ടാകാൻ സാധ്യതയുണ്ട് .

5. അനധികൃത നിർമാണങ്ങൾക്കു യു/എ നമ്പർ നൽകി നിയമനടപടികൾ സ്വീകരിക്കേണ്ടതും , അപകടകരമായ സ്ട്രക്ചറൽ സ്റ്റെബിലിറ്റി ഇല്ലാത്ത നിർമാണങ്ങൾ നിയമപരമായി പൊളിച്ചു മാറ്റി പൊതു ജനങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തേണ്ടതുമാണ്. ഇതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6. ജില്ലാ വ്യവസായ കേന്ദ്രവുമായി സഹകരിച്ച് കെ-സ്വിഫ്റ്റ് അക്നോലഡ്ജ്മെന്റ് സർട്ടിഫിക്കറ്റ് വഴി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും അതിലെ കെട്ടിടങ്ങളുടെ എണ്ണം, വിസ്തീർണ്ണം, ജീവനക്കാരുടെ എണ്ണം എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് സ്ഥാപനങ്ങളിൽ നിന്ന് വസ്തു നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കെ-സ്വിഫ്റ്റ് അക്നോലഡ്ജ്മെന്റ് സർട്ടിഫിക്കറ്റിന്റെ കാലാവധി കഴിയുമ്പോൾ പഞ്ചായത്ത് രാജ് നിയമപ്രകാരം ആവശ്യമായ എല്ലാ അനുമതികളും ഈ സ്ഥാപനങ്ങൾ എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7. അനധികൃത നിർമ്മാണങ്ങളുടെ കാര്യത്തിൽ സുപ്രീം കോടതി വിധി ന്യായത്തിലെ **(JUDGMENT IN CIVIL APPEAL NO. 14604 OF 2024 (2024 INSC 990) Dated Dec 17, 2024)** പൊതു നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്

ഗൗരവകരമായ ഈ വിഷയങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-14 തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിലെ അപാകങ്ങൾ

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, 1996 പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതും, കളക്ട് ചെയ്യുന്നതും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പനമരം ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**എ)** 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ക്രമപ്രകാരം പരിപാലിച്ചിട്ടില്ല. സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്താതെയാണ് ഡിമാന്റ്-കളക്ഷൻ-ബാലൻസ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ, ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടില്ല.

**ബി)** മരാമത്ത് പ്രവൃത്തികളുടെ എഗ്രിമെന്റ് രജിസ്റ്റർ അനുസരിച്ച് ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ചുവടെ ചേർക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ, ഇവർ മറ്റ് ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയതിന്റെ രസീത് നൽകിയിട്ടുള്ളതിന്റെ വിവരങ്ങളും ലഭ്യമല്ല.

1.സെക്രട്ടറി, കോട്ടത്തറ ലേബർ കോൺട്രാക്ട് സൊസൈറ്റി

2.എം.ടി.സുധാകരൻ മുകളായേൽ(H), ചുണ്ടക്കുന്ന്, പനമരം

3.അബ്ദുൾ നാസർ കെ, കോറോത്തറ(H), അഞ്ചുകുന്ന്

4.വിനോ.കെ.എം, കണ്ണോത്ത് മൊളാൽ(H), വരദൂർ

5.എൽദോ തോമസ്, അയനി വീട്ടിൽ(H), പനമരം

6.അബ്ദുള്ള കാരാട്ടുകുന്ന്, കാരയ്ക്കാമല

7.അക്ബർ അലി

8.ടി സി വിജയൻ

9.നിസാർ പി.പി

10.സതീഷ്കുമാർ പി.കെ

11.ആദർശ് പി.ബി

**സി)** ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ജി.ഒ(പി)143/2008 നമ്പർ സർക്കാർ ഉത്തരവ്, സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സിഎസ്)എ 9-764/2019 സർക്കുലർ എന്നിവ പ്രകാരം റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. ആയത് ഈടാക്കിയതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്

(എൻകവയറി നം. 06/18.10.2025) മറുപടി ലഭ്യമായിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15 തനത് ഫണ്ടിൽ നിന്നുള്ള പണം പിൻവലിക്കൽ ബാങ്ക് ബുക്കിൽ പ്രതിഫലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് നിക്ഷേപിക്കുന്നത് കേരളാ ബാങ്ക് പനമരം ശാഖയുടെ 170410801000611 നമ്പർ അക്കൗണ്ടിലാണ്. മേൽ ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, 23.08.2024 തീയതിയായി Y/S എന്ന് രേഖപ്പെടുത്തി 16,700 രൂപ പിൻവലിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. ആയത് ബാങ്ക് ബുക്കിൽ പ്രതിഫലിക്കുന്നില്ല. മേൽ തുകകൾ എന്താവശ്യത്തിനാണ് പിൻവലിച്ച് ചെലവഴിച്ചത് എന്നത് സംബന്ധിച്ച വിവരങ്ങൾ ബിൽ രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. മേൽ തുക ഏതാവശ്യത്തിനാണ് പിൻവലിച്ചത് എന്നത് സംബന്ധിച്ച വിവരവും, ചെലവ് രേഖകളും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (എൻക.നം:09/21.10.2025) ലഭ്യമാക്കിയ മറുപടിയിൽ, മേൽ തുകയുടെ ചെലവ് വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ല. 16,700 രൂപ പിൻവലിച്ചതിന്റെ ചെലവ് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 മൃഗാശുപത്രിയിലേക്കാവശ്യമായ മരുന്നുകൾ വാങ്ങൽ - ജി.എസ്.ടി. - ടി.ഡി.എസ് ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിന്റെ മൃഗാശുപത്രിയിലേക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് വെറ്ററിനറി സർജൻ താഴെ പറയുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0023/25 |
| പ്രോജക്ടിന്റെ പേര് | വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | ₹10,00,000/- (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ചെലവ് (തുക & ട്രഷറി റഫറൻസ് നമ്പർ) | 1)₹5,73,462/- , 241808000000007858/24.12.2024<br>2)₹4,26,538/- , 241808000000005185/28.09.2024<br>ആകെ ചെലവ്: ₹10,00,000/- |

മാനന്തവാടി ഫാർമേഴ്സ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ നീതി മെഡിക്കൽ സ്റ്റോറിൽ നിന്നാണ് മരുന്നുകൾ വാങ്ങിയിട്ടുള്ളത്. മരുന്നു വാങ്ങലുമായി ബന്ധപ്പെട്ട് 15.07.2024 - ന് മാനന്തവാടി ഫാർമേഴ്സ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

വാങ്ങിയ മരുന്നുകളുടെ ബില്ലുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ | തുക |
|---|---|---|
| 1 | MFS-10217/2425 15.07.2024 | ₹5,73,462/- |
| 2 | MFS-11102/2425 23.07.2024 | ₹4,26,539/- |

മരുന്നുകളുടെ ബിൽ തുക നൽകിയപ്പോൾ ആയതിൽ നിന്നും ജി എസ് ടി - ടി ഡി എസ് ഈടാക്കിയിട്ടില്ല. GST Act 2017 ലെ വകുപ്പ് 51(1) ൽ വിതരണത്തിന്റെ ആകെ മൂല്യം കരാർ തുക 2.50 ലക്ഷം രൂപയിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റേയുമോ കരാറുകളിലെ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1 ശതമാനം തുക കുറവ് ചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. SGST Act 2017 വകുപ്പ് 51(1) ലും സമാനമായ വ്യവസ്ഥയുണ്ട് ആയതിനാൽ SGST,CGST ഇനത്തിൽ ഒരു ശതമാനം വീതം (ആകെ രണ്ട് ശതമാനം) സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതുണ്ട്.

ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 5/16.10.20254) മറുപടിയായി ജി എസ് ടി - ടി ഡി എസ് ഈടാക്കണമെന്ന വകുപ്പ് തല നിർദ്ദേശം നടപ്പ് സാമ്പത്തിക വർഷമാണ് ലഭിച്ചത്, ആയതിനാലാണ് മേൽ ബില്ലിൽ നിന്നും ജി എസ് ടി - ടി ഡി എസ് ഈടാക്കാൻ വിട്ടുപോയത് എന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ വിതരണം ചെയ്ത സ്ഥാപനം ജി എസ് ടി ഒടുക്കു വരുത്തിയതിന്റെ രേഖ ലഭ്യമാക്കേണ്ടതാണ്.

## 1-17 മാലിന്യം നീക്കം ചെയ്യൽ - ബില്ലുകൾ ക്രമപ്രകാരമല്ല.

എം സി എഫ് -ൽ നിന്നും മാലിന്യം നീക്കിയതിന്റെ തുക നൽകുന്നതിന് ഗ്രാമപഞ്ചായത്ത് താഴെ പറയുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്

| | |
|---|---|
| പ്രോജക്ട് | എസ്.0328/25 ഖരമാലിന്യ സംസ്കരണത്തിന് തുക നൽകൽ |
| അടങ്കൽ | ₹6,00,000/- വികസന ഫണ്ട് - ജനറൽ<br>₹6,00,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>ആകെ: ₹12,00,000/- |
| ചെലവ് | ₹2,54,190/- (TRN -241808000000011355/25.03.2025)<br>₹2,92,892/- (TRN -241808000000010848/19.03.2025)<br>₹5,40,000/- (വൗച്ചർ നം. XVFC/2024-25/P/92/26.12.2024 ) |

| | |
|---|---|
| | ₹15,696/- (വൗച്ചർ നം. XVFC/2024-25/P/93/26.12.2024 )<br>ആകെ ചെലവ് : ₹11,02,778/- |
| നിർവ്വഹണം | സെക്രട്ടറി |

റോയൽ എം ആർ സി എന്ന സ്ഥാപനത്തെയാണ് മാലിന്യം നീക്കം ചെയ്യുന്നതിന് ഏൽപ്പിച്ചിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ന്യൂനതകൾക്ക് താഴെ പറയുന്നു

1) ഇൻവോയ്സുകളിൽ പലതിലും തീയതി രേഖപ്പെടുത്തിയിട്ടില്ല .

2) റോയൽ എം ആർ സി -ക്ക് തുക നൽകിയപ്പോൾ ആയതിൽ നിന്നും ജി എസ് ടി - ടി ഡി എസ് ഈടാക്കിയിട്ടില്ല. GST Act 2017 ലെ വകുപ്പ് 51(1) ൽ വിതരണത്തിന്റെ ആകെ മൂല്യം കരാർ തുക 2.50 ലക്ഷം രൂപയിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റേയുമോ കരാറുകളിലെ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1 ശതമാനം തുക കുറവ് ചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. SGST Act 2017 വകുപ്പ് 51(1) ലും സമാനമായ വ്യവസ്ഥയുണ്ട് ആയതിനാൽ SGST,CGST ഇനത്തിൽ ഒരു ശതമാനം വീതം (ആകെ രണ്ട് ശതമാനം) സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതുണ്ട്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (32/25.10.2025) -ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ മേലിൽ ഇൻവോയിസിൽ തീയതി രേഖപ്പെടുത്തി വാങ്ങുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആതിനു പുറമെ നിലവിൽ നിലവിൽ റോയൽ എം ആർ സി -ക്ക് തുക നൽകുമ്പോൾ നിയമാനുസൃതമുള്ള ജി എസ് ടി - ടി ഡി എസ് തുക കിഴിവ് വരുത്തിയാണ് ബിൽ തുക അനുവദിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്.

റോയൽ എം ആർ സി -ക്ക് 2024-25 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് നൽകിയ തുകയ്ക്ക് ജി എസ് ടി അയവാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-18 എല്ലാ പ്രോജക്ടുകളുടെയും വിവരം ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

താഴെ പറയുന്ന പ്രോജക്ടുകളുടെ വിവരം ചെലവ് പത്രികയിൽ (സുലേഖ) ഇല്ല.

| ക്രമ നം. | പ്രോജക്ട് നം./പേര് | നിർവ്വഹണ ഉദ്യോസ്ഥൻ | അടങ്കൽ | ചെലവ്(₹) | വൗച്ചർ നം./ചെക്ക് നം./ ബിൽ നം. തീയതി |
|---|---|---|---|---|---|
| 1 | എസ്.0718/25, നീർവാരം ജലനിധി പദ്ധതിയുടെ മോട്ടോർ മാറ്റി സ്ഥാപിക്കൽ | സെക്രട്ടറി | 1,31,500/- (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | 1,31,500/- | XVFC/2024-25/P/24, 23.11.2024 |
| 2 | എസ്.0364/25, അമ്മാനി നരസിപ്പുഴക്ക് കുറുകെ പാലം പണിയുന്നതിന് സോയിൽ ടെസ്റ്റ് റിപ്പോർട്ട് ലഭ്യമാക്കൽ | സെക്രട്ടറി | 1,46,320/- (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | 1,46,320/- | XVFC/2024-25/P/25, 23.11.2024 |
| 3 | പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് തെങ്ങിൻ തൈ വിതരണം(പ്രോ.നം.331/25) | കൃഷി ഓഫീസർ | 12,000/- (വികസന ഫണ്ട് ടി.എസ്.പി) | 11,884/- | 241808000000001381/ 31-05-2024 |

വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (30/25.10.2025 & 10/23-10-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 ചെലവ് പത്രികയിൽ ചില പ്രോജക്ടുകളുടെ ചെലവ് തുക രേഖപ്പെടുത്തിയില്ല.

A)ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന 5 പ്രോജക്ടുകളുടെ ചെലവ് തുക ചെലവ് പത്രികയിൽ (സുലേഖ) രേഖപ്പടുത്തിയിട്ടില്ല. പ്രോജക്ടുകളുടെ ചെലവ് പൂജ്യം എന്നാണ് കാണിച്ചിരിക്കുന്നത്.

| ക്രമ നം. | പ്രോജക്ട് നം./പേര് | അടങ്കൽ | ചെലവ്(₹) | വൗച്ചർ നം. |
|---|---|---|---|---|
| 1 | എസ്.0002/25, ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം നൽകൽ | 3,80,000/-തനത് ഫണ്ട് | 3,71,940/- | 30995 വീതം 12 മാസം നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | ഉദ: ഏപ്രിൽ മാസത്ത് ശമ്പളം ₹30,995/,- വൗച്ചർ നം. 22400082/04.05.2024 |
| 2 | എസ്.0384/25, 1-ാം വാർഡ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | ₹1,00,000/- തനത് ഫണ്ട് | 91536 | 22401363/29.03.2025 |
| | | | 6773 | 22401366/29.03.2025 |
| | | | ആകെ: 98309 | |
| 3 | എസ്.0386/25, വാർഡ് 2 - സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | ₹1,00,000/- തനത് ഫണ്ട് | 6774 | 22401365/29.03.2025 |
| | | | 91536 | 22401364/29.03.2025 |
| | | | ആകെ: 98310 | |
| 4 | എസ്.0255/25, വാർഡ് 2 വിവിധ സ്ഥലങ്ങളിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | ₹3,90,000/- തനത് ഫണ്ട് | 364937 | 22401360/29.03.2025 |
| | | | 24989 | 22401362/29.03.2025 |
| | | | ആകെ: 389926 | |
| 5 | എസ്.0261/25, വാർഡ് 2 ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | ₹1,50,000/- തനത് ഫണ്ട് | 9824 | 22401361/29.03.2025 |
| | | | 140155 | 22401359/29.03.2025 |
| | | | ആകെ: 149979 | |

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (29/25.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

B)മെഡിക്കൾ ഓഫീസർ നിർവഹണം നടത്തിയ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (625/25 ) എന്ന പദ്ധതിക്ക് ചെലവഴിച്ച തുക ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| പ്രോജക്ട് | രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (625/25) - സ്പിൽ ഓവർ |
| അടങ്കൽ | 13,12,000/- (Health Grant) |
| ചെലവ് | 6,40,043/- (Health Grant) ) ( ചെലവ് പത്രിക പ്രകാരം ) |

എന്നാൽ പദ്ധതിക്ക് ചെലവഴിച്ച തുക പൂർണ്ണമായും ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നില്ല. വൗച്ചർ പ്രകാരം പദ്ധതിക്ക് ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| വൗച്ചർ നമ്പർ നമ്പർ (ILGMS പ്രകാരം ) | തുക |
|---|---|
| 22400983/ 14.12.2024 | 672911 |
| 22400692/ 29.10.2024 | 211823 |
| 22400882/ 5.12.2024 | 146047 |
| 22400883/5.12.2024 | 78952 |
| 22401446/ 31.03.2025 | 167221 |
| ആകെ | 1276954 |

മേൽ സൂചിപ്പിച്ച വൗച്ചറുകൾ പ്രകാരമുള്ള ചെലവ് തുക എക്സ്പെന്റീച്ചർ സേറ്റ്മെന്റിൽ ചെലവ് തുകയിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക്(21/24.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-20 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - കൃത്യമായ മോണിറ്ററിംഗ് സംവിധാനമില്ല.

സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തിനു വേണ്ടി സെക്രട്ടറി താഴെ പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട്, അടങ്കൽ, ഫണ്ട് | ചെലവ് | ബി ആർ എൻ/വൗച്ചർ | റിമാർക്സ് |
|---|---|---|---|---|
| 1 | എസ്.0367/25, ( 592/23, 338/24) സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (₹10,00,000/- വികസന ഫണ്ട് -ജനറൽ) | ₹9,96,300 | 24180800000007767/20.12.2024 | 369 എണ്ണം 25 W എൽ ഇ ഡി ലൈറ്റുകളാണ് സ്ഥാപിക്കേണ്ടത്. കേരള ഇലക്ട്രിക്കൽ & അലൈഡ് എൻജിനീയറിംഗ് കോ. ലിമിറ്റഡ് ആണ് നിർവ്വഹണ ഏജൻസി.<br>22.03.2023 - ന് പ്രവൃത്തി പൂർത്തികരിച്ച് സ്ഥാപനം |

| | | | | |
|---|---|---|---|---|
| | | | | ഇൻവോയ്സ് നൽകിയിട്ടുള്ളതാണ് (KEL/ PFRMA/03, 22.03.2023). എന്നാൽ തുക നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. |
| 2 | എസ്.0333/25, (470/23, 339/24) പനമരം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (₹10,90,000/- വികസന ഫണ്ട് -ജനറൽ, ₹3500 തനത് ഫണ്ട്) | ₹10,90,000/- | 24180800000000766/20.12.2024 | 2022-23 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പ്രോജക്ടാണ്. 2023-24 സാമ്പത്തിക വർഷം ₹6,85,000/- നൽകിയിട്ടുണ്ട്. 1090 എണ്ണം 25 W, 162 എണ്ണം 35 W എൽ ഇ ഡി ലൈറ്റുകളാണ് സ്ഥാപിക്കേണ്ടത്. കേരള ഇലക്ട്രിക്കൽ & അലൈഡ് എൻജിനീയറിംഗ് കോ. ലിമിറ്റഡ് ആണ് നിർവ്വഹണ ഏജൻസി. |
| 3 | എസ്.0258/25, വാർഡ് 23 - ലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (₹1,10,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | 7474 | XVFC/2024-25/P/118, 29.03.2025 | 32 എണ്ണം 30 W എൽ ഇ ഡി ലൈറ്റുകളാണ് സ്ഥാപിക്കേണ്ടത്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ആണ് നിർവ്വഹണ ഏജൻസി. |
| | | 91526 | XVFC/2024-25/P/119, 29.03.2025 | |
| | | 9480 | XVFC/2025-26/P/3, 16.04.2025 | |
| | | ആകെ: 108480 | | |
| 4 | എസ്.0376/25 (515/24), വാർഡ് 19 - സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (₹2,00,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | 1,80,000 | XVFC/2024-25/P/7, 26.08.2024 | 58 എണ്ണം 30 W എൽ ഇ ഡി ലൈറ്റുകളാണ് സ്ഥാപിക്കേണ്ടത്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ആണ് നിർവ്വഹണ ഏജൻസി. |
| | | 17,211 | XVFC/2024-25/P/15, 2.09.2024 | |
| | | ആകെ: 1,97,211 | | |
| 5 | എസ്.0359/25 (217/24), തെരുവ് വിളക്കുകൾ സ്ഥാപിക്കലും പരിപാലനവും (₹23,00,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | 2070000 | XVFC/2024-25/P/8, 26.08.2024 | 676എണ്ണം 30 W എൽ ഇ ഡി ലൈറ്റുകളാണ് സ്ഥാപിക്കേണ്ടത്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ആണ് നിർവ്വഹണ ഏജൻസി. |
| | | 228523 | XVFC/2024-25/P/16, 02.09.2024 | |
| | | ആകെ: 22,98,523 | | |
| 6 | എസ്.0384/25, 1-ാം വാർഡ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ(₹1,00,000/- തനത് ഫണ്ട്) | 91536 | 22401363/29.03.2025 | 29എണ്ണം 30 W എൽ ഇ ഡി ലൈറ്റുകളാണ് സ്ഥാപിക്കേണ്ടത്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ആണ് നിർവ്വഹണ ഏജൻസി. |
| | | 6773 | 22401366/29.03.2025 | |
| | | ആകെ: 98309 | | |
| 7 | എസ്.0386/25, വാർഡ് 2 - സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ(₹1,00,000/- തനത് ഫണ്ട്) | 6774 | 22401365/29.03.2025 | 29എണ്ണം 30 W എൽ ഇ ഡി ലൈറ്റുകളാണ് സ്ഥാപിക്കേണ്ടത്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ആണ് നിർവ്വഹണ ഏജൻസി. |
| | | 91536 | 22401364/29.03.2025 | |
| | | ആകെ: 98310 | | |
| 8 | എസ്.0255/25, വാർഡ് 2 വിവധ സ്ഥലങ്ങളിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ(₹3,90,000/- തനത് ഫണ്ട്) | 364937 | 22401360/29.03.2025 | 3 എണ്ണം 100W എൽ ഇ ഡി ഫ്ലഡ് ലൈറ്റുകളാണ് സ്ഥാപിക്കേണ്ടത്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ആണ് നിർവ്വഹണ ഏജൻസി. |
| | | 24989 | 22401362/29.03.2025 | |
| | | ആകെ: 389926 | | |

| | | | | |
|---|---|---|---|---|
| 9 | എസ്.0261/25, വാർഡ് 2 ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ(₹1,50,000/- തനത് ഫണ്ട്) | 9824 | 22401361/29.03.2025 | 4 എണ്ണം 120W എൽ ഇ ഡി ഫ്ലഡ് ലൈറ്റുകളാണ് സ്ഥാപിക്കേണ്ടത്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ആണ് നിർവ്വഹണ ഏജൻസി. |
| | | 140155 | 22401359/29.03.2025 | |
| | | ആകെ: 149979 | | |
| 10 | എസ്.0690/25, വാർഡ് 9 കൈതക്കൽ ഡിപ്പോ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ(₹1,30,000/- ഫിനാൻസ് കമ്മീഷൻ ഫണ്ട്) | 8330 | XVFC/2024-25/P/128, 29.03.2025 | 3 എണ്ണം 100W എൽ ഇ ഡി ഫ്ലഡ് ലൈറ്റുകളാണ് സ്ഥാപിക്കേണ്ടത്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ആണ് നിർവ്വഹണ ഏജൻസി. |
| | | 108670 | XVFC/2024-25/P/129, 29.03.2025 | |
| | | 12979 | XVFC/2025-26/P/8, 16.04.2025 | |
| | | ആകെ: 129979 | | |
| 11 | എസ്.0708/25, വാർഡ് 16 കൈപ്പാട്ട് കവലയിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ(₹1,30,000/- ഫിനാൻസ് കമ്മീഷൻ ഫണ്ട്) | 108670 | XVFC/2024-25/P/127, 29.03.2025 | 3 എണ്ണം 100W എൽ ഇ ഡി ഫ്ലഡ് ലൈറ്റുകളാണ് സ്ഥാപിക്കേണ്ടത്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ആണ് നിർവ്വഹണ ഏജൻസി. |
| | | 8330 | XVFC/2024-25/P/126, 29.03.2025 | |
| | | 12982 | XVFC/2025-26/P/7, 16.04.2025 | |
| | | ആകെ: 129982 | | |
| 12 | എസ്.0284/25, വാർഡ് 4 - കണ്ണാടിമുക്ക് ജംഗ്ഷൻ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ(₹1,30,000/- ഫിനാൻസ് കമ്മീഷൻ ഫണ്ട്) | 8330 | XVFC/2024-25/P/124, 29.03.2025 | 3 എണ്ണം 100W എൽ ഇ ഡി ഫ്ലഡ് ലൈറ്റുകളാണ് സ്ഥാപിക്കേണ്ടത്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ആണ് നിർവ്വഹണ ഏജൻസി. |
| | | 108670 | XVFC/2024-25/P/125, 29.03.2025 | |
| | | 12979 | XVFC/2025-26/P/6, 16.04.2025 | |
| | | ആകെ: 129979 | | |
| 13 | എസ്.0287/25, വാർഡ് 6 - അമ്മാനി കൊട്ടവയൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ(₹2,80,000/- ഫിനാൻസ് കമ്മീഷൻ ഫണ്ട്) | 18489 | XVFC/2024-25/P/122, 29.03.2025 | 4 എണ്ണം 100W എൽ ഇ ഡി ഫ്ലഡ് ലൈറ്റുകളാണ് സ്ഥാപിക്കേണ്ടത്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ആണ് നിർവ്വഹണ ഏജൻസി. |
| | | 233511 | XVFC/2024-25/P/123, 29.03.2025 | |
| | | 27957 | XVFC/2025-26/P/5, 16.04.2025 | |
| | | ആകെ: 279957 | | |
| 14 | എസ്.0276/25, വാർഡ് 10 - ചാലിൽ ഭാഗത്ത് ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ(₹1,25,000/- ഫിനാൻസ് കമ്മീഷൻ ഫണ്ട്) | 8210 | XVFC/2024-25/P/132, 29.03.2025 | 4 എണ്ണം 70W എൽ ഇ ഡി ഫ്ലഡ് ലൈറ്റുകളാണ് സ്ഥാപിക്കേണ്ടത്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ആണ് നിർവ്വഹണ ഏജൻസി. |
| | | 104290 | XVFC/2024-25/P/133, 29.03.2025 | |
| | | 12478 | XVFC/2025-26/P/10, 16.04.2025 | |
| | | ആകെ:124978 | | |
| 15 | എസ്.0278/25, വാർഡ് 10 - വാടോച്ചാൽ ഭാഗത്ത് ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ(₹1,25,000/- ഫിനാൻസ് കമ്മീഷൻ ഫണ്ട്) | 8210 | XVFC/2024-25/P/120, 29.03.2025 | 4 എണ്ണം 70W എൽ ഇ ഡി ഫ്ലഡ് ലൈറ്റുകളാണ് സ്ഥാപിക്കേണ്ടത്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ആണ് നിർവ്വഹണ ഏജൻസി. |
| | | 104290 | XVFC/2024-25/P/121, 29.03.2025 | |
| | | 12478 | XVFC/2025-26/P/4, 16.04.2025 | |
| | | ആകെ: 124978 | | |
| 16 | എസ്.0696/25, വാർഡ് 8 - മാത്തൂർ കവല ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ(₹1,30,000/- ഫിനാൻസ് കമ്മീഷൻ ഫണ്ട്) | 8330 | XVFC/2024-25/P/116, 29.03.2025 | 3 എണ്ണം 100W എൽ ഇ ഡി ഫ്ലഡ് ലൈറ്റുകളാണ് സ്ഥാപിക്കേണ്ടത്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ആണ് നിർവ്വഹണ ഏജൻസി. |
| | | 108670 | XVFC/2024-25/P/117, 29.03.2025 | |
| | | 12979 | XVFC/2025-26/P/2, 16.04.2025 | |
| | | ആകെ: 129979 | | |
| 17 | എസ്.0372/25, വാർഡ് 11 - ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ₹3,00,000/- ഫിനാൻസ് കമ്മീഷൻ ഫണ്ട്) | 270000 | XVFC/2024-25/P/10, 26.08.2024 | 6 എണ്ണം 100W എൽ ഇ ഡി ഫ്ലഡ് ലൈറ്റുകളാണ് സ്ഥാപിക്കേണ്ടത്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ആണ് നിർവ്വഹണ ഏജൻസി. |
| | | 29713 | XVFC/2024-25/P/118, 12.09.2024 | |
| | | ആകെ: 299713 | | |
| 18 | എസ്.0371/25, വാർഡ് 8 - | 378000 | XVFC/2024-25/P/9, 26.08.2024 | 5 എണ്ണം 100W എൽ ഇ ഡി |

| | | | | |
|---|---|---|---|---|
| | ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ₹4,20,000/- ഫിനാൻസ് കമ്മീഷൻ ഫണ്ട്) | | | ഫ്ലഡ് ലൈറ്റുകളാണ് സ്ഥാപിക്കേണ്ടത്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ആണ് നിർവ്വഹണ ഏജൻസി. |
| | | 41505 | XVFC/2024-25/P/17, 2.09.2024 | |
| | | ആകെ: 419505 | | |
| 19 | എസ്.0692/25, പഞ്ചായത്ത് ഓഫീസിന് മുൻവശം ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ₹1,50,000/- ഫിനാൻസ് കമ്മീഷൻ ഫണ്ട്) | 9824 | XVFC/2024-25/P/130, 29.03.2025 | 5 എണ്ണം 120W എൽ ഇ ഡി ഫ്ലഡ് ലൈറ്റുകളാണ് സ്ഥാപിക്കേണ്ടത്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ആണ് നിർവ്വഹണ ഏജൻസി. |
| | | 125176 | XVFC/2024-25/P/131, 29.03.2025 | |
| | | 14979 | XVFC/2025-26/P/9, 16.04.2025 | |
| | | ആകെ: 149979 | | |
| 20 | എസ്.0256/25, വാർഡ് 23 - കാരക്കാമല പള്ളിക്ക് സമീപം ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ₹1,40,000/- ഫിനാൻസ് കമ്മീഷൻ ഫണ്ട്) | 116756 | XVFC/2024-25/P/115, 29.03.2025 | 4എണ്ണം 100W എൽ ഇ ഡി ഫ്ലഡ് ലൈറ്റുകളാണ് സ്ഥാപിക്കേണ്ടത്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ആണ് നിർവ്വഹണ ഏജൻസി. |
| | | 9244 | XVFC/2024-25/P/114, 29.03.2025 | |
| | | 13977 | XVFC/2024-25/P/1, 16.04.2025 | |
| | | ആകെ: 139977 | | |
| 21 | എസ്.0693/25, വാർഡ് 8 - സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ₹1,20,000/-, വികസന ഫണ്ട് - ജനറൽ) | 8265 | 24180800000000011519/27.03.25 | 3 എണ്ണം 70W എൽ ഇ ഡി ഫ്ലഡ് ലൈറ്റുകളാണ് സ്ഥാപിക്കേണ്ടത്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ആണ് നിർവ്വഹണ ഏജൻസി. |
| | | 111692 | 24180800000000011588/29.03.25 | |
| | | ആകെ: 119957 | | |
| 22 | എസ്.0698/25, വാർഡ് 16 - മുക്രിമൂല കവലയിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ₹1,30,000/-, വികസന ഫണ്ട് - ജനറല്) | 8330 | 24180800000000011515/27.03.25 | 3എണ്ണം 100W എൽ ഇ ഡി ഫ്ലഡ് ലൈറ്റുകളാണ് സ്ഥാപിക്കേണ്ടത്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ആണ് നിർവ്വഹണ ഏജൻസി. |
| | | 121649 | 24180800000000011587/29.03.25 | |
| | | ആകെ: 129979 | | |
| | | ₹77,35,980/- | | |

സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, സ്ട്രീറ്റ് ലൈറ്റ് സംരക്ഷണ രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ ഏത് സ്ഥലങ്ങളിലാണ് പുതിയതായി ലൈറ്റുകൾ സ്ഥാപിച്ചത് എന്ന വിവരം ലഭ്യമല്ല, കേടുവന്നവ മാറ്റി സ്ഥാപിച്ചിട്ടുണ്ടോ എന്നും, പൊതു ജനങ്ങൾക്ക് തെരുവ് വിളക്കുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പരാതികൾ ഉണ്ടോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയതിന് പുറമേ പുതിയതായി സ്ഥാപിച്ചു എന്ന പറയുന്ന സ്ഥലങ്ങളിൽ മുമ്പ് തെരുവ് വിളക്ക് ഉണ്ടായിരുന്നോ എന്ന പരിശോധനയും സാധ്യമല്ല. പുതുതായി സ്ഥാപിച്ച ലൈറ്റുകൾ സംബന്ധിച്ച കെ.എസ്.ഇ.ബി. യുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ പ്രോജക്ടുകൾ പ്രകാരം സ്ഥാപിച്ച ലൈറ്റുകൾക്കെല്ലാം രണ്ട് വർഷക്കാലം വാറണ്ടി ഉള്ളവയാണ്. ആയതിനാൽ രണ്ട് വർഷക്കാലയളവിനുള്ളിൽ തെരുവ് വിളക്കുകൾ കേടുവരുന്ന സാഹചര്യത്തിൽ അവ മറ്റി സ്ഥാപിക്കേണ്ടത് നിർവ്വഹണ ഏജൻസിയുടെ ചുമതലയാണ്. ഓരോ പ്രോജക്ട് പ്രകാരവും സ്ഥാപിച്ച ലൈറ്റുകൾ എവിടെയാണെന്ന കൃത്യമായ രേഖപ്പെടുത്തൽ ഇല്ലാത്തതിനാൽ ഏത് നിർവ്വഹണ ഏജൻസിയാണ് മാറ്റി സ്ഥാപിക്കേണ്ടതെന്നും വാറണ്ടി നിലവിലുള്ള ലൈറ്റുകൾ ഏതെല്ലാമാണ് എന്നുമുള്ള കാര്യങ്ങളിൽ വ്യക്തതയില്ല.

മേൽ പറഞ്ഞ പ്രോജക്ടുകളുടെ ഒന്നിന്റെയും മോണിറ്ററിംഗ് റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രോജക്ട് പ്രകാരം സ്ഥാപിച്ച ലൈറ്റുകളുടെയെല്ലാം പ്രവർത്തനം തൃപ്തികരമാണോ എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (31/25.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രോജക്ടുകളുടെ ആകെ ചെലവ് തുക ₹77,35,980/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതും രജിസ്റ്ററുകൾ തയ്യാറാക്കി പരിശോധയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-21-1 പഞ്ചായത്ത് ഓഫീസിൽ ലാൻഡ് ഏരിയ നെറ്റ് വർക്ക് സ്ഥാപിക്കൽ

ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ലാൻഡ് ഏരിയ നെറ്റ് വർക്ക് സ്ഥാപിക്കുന്നതിന് പി ഡബ്ല്യൂ ഡി ഇലക്ട്രിക്ക് വിംഗിൽ (കോഴിക്കോട്) തുക നിക്ഷേപിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ | അടങ്കൽ, ഫണ്ട് | നൽകിയ തുക | ടി ആർ എൻ, തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| എസ്.0379/25 | ₹5,00,000/- (₹4,00,000/- തനത് ഫണ്ട് , ₹1,00,000/- പൊതുവിഭാഗം വികസന ഫണ്ട്) | ₹1,00,000/-, പൊതുവിഭാഗം വികസന ഫണ്ട് | 241808000000011510/27.03.2025 |

പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തുക ₹4,82,400/- ആണ്. എന്നാൽ ₹1,00,000/- മാത്രമാണ് നിക്ഷേപിച്ചിട്ടുള്ളത്. നാളിതുവരെ ബാക്കി തുക നിക്ഷേപിച്ച് സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (എൻകയറി നം. 23/24.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.
ബാക്കി തുക നാളിതുവരെ നിക്ഷേപിക്കാത്തതിനും സ്ഥാപനവുമായി കരാറിൽ ഏർപ്പെടാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പി ഡബ്ല്യൂ ഡി ഇലക്ട്രിക്ക് വിംഗിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്. ചെലവ് തുക ₹1,00,000/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-21-2 കുറുമ്പാലക്കോട്ട രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

താഴെ പറയുന്ന പ്രോജക്ട് പ്രകാരം കുറുമ്പാലക്കോട്ട രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷന് കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | അടങ്കൽ, ഫണ്ട് | നൽകിയ തുക | ടി ആർ എൻ, തീയതി |
|---|---|---|---|
| എസ്.0369/25 | ₹9,00,000/-, (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | ₹8,00,000/- | 241808000000011113/22.03.2025 |

പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തുക ₹8,00,000/- ആണ്. സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (എൻകയറി നം. 23/24.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.
സ്ഥാപനവുമായി കരാറിൽ ഏർപ്പെടാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച ₹8,00,000/- യുടെ വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്. ചെലവ് തുക ₹8,00,000/- ഓഡിറ്റ് തടസ്സത്തിൽവെയ്ക്കുന്നു.

## 1-21-3 കമ്പത്തുകുന്ന് കുടിവെള്ള പദ്ധതി ഇലക്ട്രിക്ക് ലൈൻ വലിക്കൽ

കമ്പത്തുകുന്ന് കുടിവെള്ള പദ്ധതി ഇലക്ട്രിക്ക് ലൈൻ വലിക്കുന്നതിന് കെ.എസ്.ഇ.ബി. -യിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ | അടങ്കൽ, ഫണ്ട് | നൽകിയ തുക | വൗച്ചർ, തീയതി |
|---|---|---|---|
| എസ്.0385/25, (651/24) | ₹3,26,000/-, ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | ₹3,25,896/- | XVFC/2024-25/P/95, 03.01.2025 |

സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (എൻകയറി നം. 23/24.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ പറഞ്ഞ നിക്ഷേപതുകയുടെ വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ടറിപ്പോർട്ടും ഹാജരാക്കേണ്ടതാണ്, ചെലവ് തുക ₹3,25,896/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.
മേൽ പറഞ്ഞതിന് പുറമേ, പ്രോജക്ടിന്റെ ഫയലിൽ കേരള വാട്ടർ അതോറിറ്റിയുടെ (EE, KWA, PH Division, Sulthan Bathery) 14.06.2024 -ലെ ഒരു സാക്ഷ്യപത്രം സൂക്ഷിച്ചിട്ടുണ്ട്. ആയതിൽ പനമരം ഗ്രാമ പഞ്ചായത്തിലെ കമ്പത്തുംകുന്ന് കോളനിയിലേക്ക് കുടിവെള്ളമെത്തിക്കുന്ന പ്രവൃത്തിക്കു വേണ്ടി നിക്ഷേപിച്ച 20ലക്ഷം രൂപയിൽ 18,34,631/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും 1,65,369/- ബാക്കിയുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ബാക്കി തുക തിരിച്ച ലഭിച്ചോ എന്ന വിവരവും ലഭിച്ചിട്ടില്ലെങ്കിൽ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളും അറിയിക്കേണ്ടതാണ്.

## 1-21-4 അംഗൻവാടി പുനർ നിർമ്മാണം വിഹിതം നൽകൽ

താഴെ പറയുന്ന പ്രോജക്ടകൾ പ്രകാരം അംഗൻവാടികളുടെ പുനർ നിർമ്മാണത്തിനായി ഗ്രാപ പഞ്ചായത്ത് വിഹിതം എം എൻ ആർ ഇ ജി എസ് സ്റ്റേറ്റ് മിഷന് നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നമ്പർ | അടങ്കൽ, ഫണ്ട് | നൽകിയ തുക | ടി ആർ എൻ/ വൗച്ചർ നമ്പർ, തീയതി |
|---|---|---|---|---|
| 1 | എസ്.0370/25, ഏച്ചോം അംഗൻവാടി പുനർ നിർമ്മാണം വിഹിതം നൽകൽ | ₹5,00,000/- (₹2,50,000/- തനത് ഫണ്ട് , ₹2,50,000/- പൊതുവിഭാഗം വികസന ഫണ്ട്) | ₹2,50,000/- (വികസന ഫണ്ട്) | 241808000000008414/10.01.2025 |
| | | | ₹2,50,000/- തനത് ഫണ്ട് | 22400734/16.11.2024 |
| 2 | എസ്.0368/25, കൂളിവയൽ അംഗൻവാടി പുനർ | ₹5,00,000/- (₹2,50,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് , | ₹2,50,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | XY-6791853/11.12.2024 |

| | | | | |
|---|---|---|---|---|
| | നിർമ്മാണം വിഹിതം നൽകൽ | ₹2,50,000/- പൊതുവിഭാഗം വികസന ഫണ്ട്) | ₹2,50,000/- പൊതുവിഭാഗം വികസന ഫണ്ട് | 241808000000006591/11.11.2024 |
| | | ആകെ തുക | ₹10,00,000/- | |

എം എൻ ആർ ഇ ജി എസ് സ്റ്റേറ്റ് മിഷനാണ് തുക നൽകിയിട്ടുള്ളത്. വിഹിതം നൽകലിന് ആധാരമായി ഹാജരാക്കിയ സർക്കാർ ഉത്തരവിൽ (GO (Rt) No. 340/2023/WCDD, 13.06.2023) ഗ്രാമ പഞ്ചായത്ത് വിഹിതമായി അടവാക്കേണ്ട തുക എത്രയാണെന്ന പരാമർശമില്ല.
ആയതിനാൽ ഗ്രാമ പഞ്ചായത്ത് ₹5,00,000/- വീതം നൽകിയതിന്റെ മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്. മേൽ പറഞ്ഞ പ്രോജക്ടുകൾ പ്രകാരം നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ടറിപ്പോർട്ടും ഹാജരാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (എൻകുയറി നം. 23/24.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ ചെലവ് തുക ₹10,00,000/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-21 വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിവിധ മരാമത്തുപ്രവൃത്തികളുടെ നിർവ്വഹണത്തിനു വേണ്ടി സെക്രട്ടറി ഫണ്ട് കൈമാറിയിട്ടുണ്ട്. എന്നാൽ ഫണ്ട് വിനിയോഗത്തിന്റെ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. (1-21-1 മുതൽ 1-21-4 വരെ ഖണ്ഡികകൾ കാണുക)

## 1-22 ഇ ടെണ്ടർ ഫീ - ഗ്രാമ പഞ്ചായത്തിൽ വരവ് വരുന്നില്ല.

നിലവിൽ പബ്ലിക്ക് വർക്കുകളിൽ ഇ-ടെണ്ടർ ഫീ ഏത് ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ആകുന്നത് എന്ന വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( എൻകുയറി നം: 03/15.10.2025) ലഭ്യമാക്കിയ മറുപടിയിൽ ഇ-ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി വയനാട് ജില്ല - ക്ക് കത്ത് നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. 2021-2022 മുതൽ 2024-2025 വർഷം വരെയുള്ള ഇ-ടെണ്ടർ ഫീ വിവരം ലഭ്യമാക്കേണ്ടതും പനമരം ഗ്രാമ പഞ്ചായത്തിൽ അടവാക്കി അറിയിക്കേണ്ടതുമാണ്.

## 1-23 പ്രൈസ്-3 സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട് ഓഡിറ്റേഴ്സ് ലോഗിനിൽ അഭിമുഖീകരിക്കുന്ന അപര്യാപ്തതകൾ

പ്രൈസ്-3 സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട് ഓഡിറ്റേഴ്സ് ലോഗിനിൽ അഭിമുഖീകരിക്കുന്ന അപര്യാപ്തതകൾ താഴെ കൊടുക്കുന്നു.

1) പ്രൈസ്-3 സോഫ്റ്റ് വെയറിൽ ഓഡിറ്റേഴ്സ് ലോഗിനിൽ ലോഗിൻ ചെയ്താൽ GENERAL ടാബ് മുതൽ LSGD SECTION PANAMARAM എന്ന ടാബ് വരെ 8 ടാബുകൾ സെലക്ട് (GENERAL > SEARCH > LOCAL SELF GOVERNMENT DEPARTMENT > OFFICE OF THE CHIEF ENGINEER LSGD > NORTH CIRCLE LSGD > LSGD DIVISION WAYANAD > LSGD SUB DIVISION KALPETTA > LSGD SECTION PANAMARAM ) ചെയ്ത് പനമരം ഗ്രാമ പഞ്ചായത്ത് ടാബിൽ വന്ന് FILE ID സെർച്ച് ചെയ്താൽ മാത്രമേ അതുമായി ബന്ധപ്പെട്ട വിവരങ്ങൾ എടുക്കാൻ പറ്റുകയുള്ളു. അതു കഴിഞ്ഞ് അടുത്ത ഫയൽ നോക്കണമെങ്കിൽ വീണ്ടും GENERAL ടാബ് മുതൽ LSGD SECTION PANAMARAM എന്ന ടാബ് വരെ 8 ടാബുകൾ സെലക്ട് ചെയ്ത് പനമരം ഗ്രാമ പഞ്ചായത്ത് ടാബിൽ വന്നാൽ മാത്രമേ FILE ID വെച്ച് സെർച്ച് ചെയ്യുവാൻ പറ്റുന്നുള്ളു. ഇങ്ങിനെ നൂറ് ഫയലുകൾ ഉണ്ടെങ്കിൽ നൂറ് തവണ ഈ പ്രോസസ്സ് റിപ്പീറ്റ് ചെയ്യേണ്ടതായി വരുന്നതിനാൽ പ്രൈസ്-3 സോഫ്റ്റ്വെയറിലൂടെ ഫയലുകൾ പരിശോധിക്കുന്നത് വളരെ സമയം പാഴാക്കുന്നതാണ്. പ്രൈസ്-3 സോഫ്റ്റ് വെയറിൽ ഓഡിറ്റേഴ്സ് ലോഗിനിൽ പനമരം ഗ്രാമ പഞ്ചായത്ത് വർക്ക് സ്റ്റേഷൻ ആയി സെലക്ട് ചെയ്യാൻ പറ്റുകയും പനമരം ഗ്രാമ പഞ്ചായത്തിലെ 2024-2025 സാമ്പത്തിക വർഷം ചെയ്ത പ്രോജക്ട് ഫയലുകൾ എല്ലാം ലിസ്റ്റ് ചെയ്യുകയും അവിടെ നിന്നും ഫയലിൽ ക്ലിക്ക് ചെയ്യുമ്പോൾ പ്രസ്തുത ഫയൽ ഡീറ്റെയിൽസ് ലഭിക്കുന്ന വിധത്തിൽ ഓഡിറ്റേഴ്സ് ലോഗിനിൽ ഓപ്ഷൻസ് നൽകിയാൽ മാത്രമേ പ്രൈസ്-3 സോഫ്റ്റ് വെയറിൽ ഓൺലൈനായി ഓഡിറ്റ് സാധ്യമാകുകയുള്ളു. എന്നാൽ, 01/04/2022 - ൽ നിലവിൽ വന്ന പ്രൈസ്-3 സോഫ്റ്റ് വെയറിലെ ഓഡിറ്റേഴ്സ് ലോഗിനിൽ ഉള്ള അപര്യാപ്തതകളും ആവശ്യങ്ങളും വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാട്ടിയെങ്കിലും പ്രൈസ്-3 സോഫ്റ്റ് വെയർ നിലവിൽ വന്ന് 3 വർഷം കഴിഞ്ഞിട്ടും ഓഡിറ്റേഴ്സ് ലോഗിനിൽ യാതൊരു അപ്ഡേഷനും നടത്തിയിട്ടില്ല.

2) ഓഡിറ്റേഴ്സ് ലോഗിനിൽ ഒരു പ്രവൃത്തിയിൽ നിന്നും ബാക്ക് പോയാൽ ലോഗ് ഔട്ട് ആകുന്നത് ഒഴിവാക്കേണ്ടതാണ്.

3) ഓഡിറ്റേഴ്സ് ലോഗിനിൽ ഹോം ബട്ടൺ നൽകേണ്ടതാണ്.

4) ഓഡിറ്റേഴ്സ് ലോഗിനിൽ വിവിധ രജിസ്റ്ററുകൾ കാണിക്കുന്നുണ്ടെങ്കിലും (ഉദാ- Agreement Register, Tender Register മുതലായവ) ഒന്നും ലഭ്യമല്ല.

5) നിലവിൽ ഒരു വിൻഡോ ആണ് ഓപ്പൺ ചെയ്യാൻ പറ്റുന്നത്. മൾട്ടിപ്പിൾ വിൻഡോ ഓപ്പൺ ചെയ്താൽ മാത്രമേ ഓഡിറ്റിൽ Compare ചെയ്ത് പരിശോധിക്കുവാൻ സാധിക്കുകയുള്ളു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(എൻകയറി നം: 01/15.10.2025) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് വേണ്ടി അസി.എക്സി.എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പ്രൈസ് 3 സോഫ്റ്റ്വെയറിലെ മേൽ ചൂണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിച്ച് ഓഡിറ്റ് ലോഗിൻ കാര്യക്ഷമമാക്കി അറിയിക്കേണ്ടതാണ്.

## 1-24 അസി.എഞ്ചിനീയർ ചെലവ് ശതമാനം കുറവ്

അസി. എഞ്ചിനീയർ 2024-2025 സാമ്പത്തിക വർഷം ആകെ 314 പദ്ധതികൾ രൂപീകരിച്ച് ഡി.പി.സി അംഗീകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ, അതിൽ 71 പദ്ധതികൾ മാത്രമേ നടപ്പാക്കിയിട്ടുള്ളു. ആകെയുള്ള പദ്ധതികളുടെ 22.62% പദ്ധതികൾ മാത്രമേ നടപ്പിലാക്കിയിട്ടുള്ളു.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(എൻകയറി നം: 12/23.10.2025) ലഭ്യമാക്കിയ മറുപടിയിൽ സ്റ്റാഫിന്റെ എണ്ണത്തിലുള്ള കുറവ് ആണ് കാരണമായി ചൂണ്ടിക്കാണിച്ചത്. മേൽ അപാകത ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ട് വരുന്നു.

## 1-25 അസി.എഞ്ചിനീയർ- 2024-25 വർഷത്തെ ചെലവ് പത്രികയിൽ 2 പദ്ധതികളുടെ ചെലവ് - ₹ 15,30,412/-രേഖപ്പെടുത്തിയിട്ടില്ല.

പനമരം ഗ്രാമ പഞ്ചായത്തിലെ, 2024-2025 സാമ്പത്തിക വർഷം, അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന 2 പദ്ധതികളിൽ, ചെലവ് പത്രികയിൽ പദ്ധതിയുടെ ചെലവ് പൂജ്യം ആണ് കാണിച്ചിരിക്കുന്നത്.

| ക്രമ നം. | പ്രോജക്ട് നം./പേര് | അടങ്കൽ | ചെലവ്(₹) | വൗച്ചർ നം./ചെക്ക് നം./ ബിൽ നം. തീയതി |
|---|---|---|---|---|
| 1 | മയിൽ കുന്ന് അംഗൺവാടി നിർമ്മാണം(പ്രോ.നം.419/25) | 8,25,000/- (സംസ്ഥാനാവിഷികൃതം) 15,426/-(തനത് ഫണ്ട്) | 7,61,649/- | 241808000000000275/ 24-07-2024 |
| 2 | നീർവാരം അംഗൺവാടി നിർമ്മാണം(പ്രോ.നം.450/24) | 8,20,000/- (സംസ്ഥാനാവിഷികൃതം) | 7,68,763/- | 241808000000008657/ 21-01-2025 |
| **ആകെ** | | | **15,30,412/-** | |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(എൻകയറി നം: 11/23.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-26 പാലുകുന്ന് അംഗൺവാടിക്ക് മുകളിൽ സാംസ്കാരിക നിലയം - നിലവിലും പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പാലുകുന്ന് അംഗൺവാടിക്ക് മുകളിൽ സാംസ്കാരിക നിലയം നിലവിലും ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല. പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| **പ്രോജക്ട് നം./പേര്** | നം. S0158/24, വാർഡ് 19 - പാലുകുന്ന് അങ്കണവാടിക്ക് മുകളിൽ സാംസ്കാരിക നിലയം പൂർത്തീകരണം |
| **അടങ്കൽ** | ₹ 3,00,000/-(സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) |
| **ചെലവ് തുക, ബിൽ നം./തീയതി** | ₹ 1,50,858/- (No.XVFC/2024-25/P/135 തീയതി:29/03/2025) |
| **എസ്റ്റിമേറ്റ് തുക** | ₹ 3,00,000/- |
| **Estimation PAC** | 2,64,283.72/-(Including Electrification Amount ₹ 68,000/-) |
| **സാങ്കേതിക അനുമതി** | 122290/2024 Dt 22/01/2025 |
| **കരാർ നം./തീയതി** | AE/LID & EW/PNM/44/2024-25/18.03.2025 |
| **കരാറുകാരന്റെ പേര്** | ശ്രീ. എൽദോ തോമസ് |
| **കരാർ തുക** | ₹ 1,39,602/- |

മേൽ പ്രോജക്ട് ഫയൽ , 23/10/2025- ന് നടത്തിയ സംയുക്ത ഭൗതിക പരിശോധന എന്നിവ

പ്രകാരമുള്ള വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

എസ്റ്റിമേറ്റ് പ്രകാരമുള്ള ടൈൽ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള ഇലക്ട്രിഫിക്കേഷൻ പ്രവർത്തിയുടെ ടെണ്ടർ നടപടികൾ ഇതു വരെ ആരംഭിച്ചിട്ടില്ല. സാംസ്കാരിക നിലയം എന്ന വിധത്തിൽ പ്രവർത്തിക്കുന്നതിനുള്ള പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല. ഹാളിന്റെ പകുതി ചുമർ മാത്രമേ കെട്ടിയിട്ടുള്ളു. ബാക്കി തുറന്ന് കിടക്കുകയാണ്. ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടിയിട്ടില്ല. പ്ലംബിംഗ് പ്രവർത്തികൾ ചെയ്തിട്ടില്ല. അതിനാൽ, സാംസ്കാരിക നിലയം എന്ന ലക്ഷ്യത്തിനുള്ള കെട്ടിട നിർമ്മാണം പോലും പൂർത്തീകരിച്ചിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻകയറി നം: 17/23.10.2025) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ പദ്ധതി ലക്ഷ്യം പൂർത്തീകരിച്ച് അറിയിക്കുന്നത് വരെ ചെലവ് തുക ₹ 1,50,858/- തടസ്സത്തിൽ വെക്കുന്നു.

## 1-27 കംഫർട്ട് സ്റ്റേഷൻ നവീകരണം - വിശ്രമ കേന്ദ്രം നിർമ്മാണവും ഒന്നാം നിലയിലേക്ക് റാമ്പ് നിർമ്മിച്ച് ടോയിലറ്റ് നിർമ്മാണവും - ₹ 1,49,044/- അധികം തുക നൽകി.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ കംഫർട്ട് സ്റ്റേഷൻ നവീകരണം - വിശ്രമ കേന്ദ്രം നിർമ്മാണവും ഒന്നാം നിലയിലേക്ക് റാമ്പ് നിർമ്മിച്ച് ടോയിലറ്റ് നിർമ്മാണവും നിലവിലും ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല. പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| **പ്രോജക്ട് നം./പേര്** | നം. S0455/25(സ്പിൽ ഓവർ പ്രോ.നം.413/24),<br>കംഫർട്ട് സ്റ്റേഷൻ നവീകരണം - വിശ്രമ കേന്ദ്രം നിർമ്മാണവും ഒന്നാം നിലയിലേക്ക് റാമ്പ് നിർമ്മിച്ച് ടോയിലറ്റ് നിർമ്മാണവും |
| **അടങ്കൽ** | ₹ 13,00,000/-(CFC)<br>₹ 7,00,000/-(സംസ്ഥാനാവിഷ്കൃതം) |
| **ചെലവ് തുക, ബിൽ നം./തീയതി** | ₹ 19,23,160<br>[₹ 12,23,160/-<br>(No.XVFC/2024-25/P/1 തീയതി:16/08/2024),<br>₹ 7,00,000/-<br>(TRN: 241808000000004230/07-09-2024)] (സെക്രട്ടറി) |
| **എസ്റ്റിമേറ്റ് തുക** | ₹ 20,00,000/- |
| **Estimation PAC** | ₹ 16,28,473/-(Including Electrification Amount ₹ 1,57,000/-) |
| **സാങ്കേതിക അനുമതി** | 93177/2021-22 |
| **Revised Estimation PAC** | ₹ 17,84,130/-(No Electrification Amount) |
| **പുതുക്കിയ സാങ്കേതിക അനുമതി** | EE/LSGD/WYD/TS/08/2023-2024 Dated 30/10/2023 |
| **കരാർ നം./തീയതി** | AE/LSGD/PNM/15/2022-23/26.08.2022 |
| **കരാറുകാരന്റെ പേര്** | ശ്രീ. വിനോ കെ.എം. |
| **കരാർ തുക** | ₹ 15,02,350/-(7.75% ടെണ്ടർ കുറവ്) |
| **എം.ബുക്കുകൾ** | 322A/21-22(പേജ് നം.1 മുതൽ 50 വരെ)<br>322B/21-22(പേജ് നം.1 മുതൽ 12 വരെ)<br>299/21-22(പേജ് നം.1 മുതൽ 27 വരെ) |
| **അവസാന അളവ് രേഖപ്പെടുത്തിയ തീയതി** | 15/03/2024(as Per Page Number 12 Of Mbook No.322B/21-22) |
| **ചെക്ക് മെഷർ ചെയ്ത തീയതി** | 16/03/2024(as Per Page Number 12 Of Mbook No.322B/21-22) |

മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നും 23/10/2025- ന് നടത്തിയ ഭൗതിക പരിശോധനയിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) 15/03/2024- ന് പൂർത്തീകരിച്ച പ്രവർത്തിയുടെ ബിൽ തയ്യാറാക്കി പേയ്മെന്റ് നൽകിയിട്ടുണ്ട്. കരാറുകാരന്റെ BOQ പ്രകാരം കോട്ട് ചെയ്തിരിക്കുന്നത് 7.75% Tender Below ആണ്. എന്നാൽ, ഫൈനൽ ബില്ലിൽ Tender Below കുറക്കാതെയാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. വിശദ വിവരം താഴ കൊടുക്കുന്നു.

| **ഫൈനൽ ബിൽ പ്രകാരം നൽകിയ തുക(₹)** | **നൽകേണ്ട തുക(₹)** | **അധികം നൽകിയത്(₹)** |
|---|---|---|
| ആകെ പ്രവർത്തി മൂല്യം(as Per Page Number 25 Of Mbook No.299/21-22) - 16,29,797/-<br>G.S.T(18%) കൂട്ടുക - 2,93,363/-<br>**ആകെ ചെലവ് വന്ന തുക - 19,23,160/-** | ആകെ പ്രവർത്തി മൂല്യം(as Per Page Number 25 Of Mbook No.299/21-22) - 16,29,797/-<br>7.75% Tender Below കുറക്കുക- 15,03,488/-<br>G.S.T(18%) കൂട്ടുക - 2,70,628/-<br>**ആകെ ചെലവാക്കേണ്ടിയിരുന്ന തുക- 17,74,116/-** | 1,49,044/- |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻകയറി നം: 33/25.10.2025) ലഭ്യമാക്കിയ മറുപടിയിൽ, ഫയലുകൾ പരിശോധിച്ച് തുടർ മറുപടി ലഭ്യമാക്കും എന്നാണ് അറിയിച്ചിരിക്കുന്നത്. മേൽ നഷ്ടത്തിന് ഉത്തരവാദി ഫൈനൽ ബിൽ തയ്യാറാക്കിയ അസി. എഞ്ചിനീയർ ആണ്. എന്നാൽ, എം.ബുക്കിലോ ഫൈനൽ ബില്ലിലോ തീയതിയോ അസി. എഞ്ചിനീയറുടെ പേരോ രേഖപ്പെടുത്താതിനാൽ ഓഡിറ്റിന് ഉത്തരവാദിയെ നിർണ്ണയിക്കുന്നതിന് സാധിച്ചിട്ടില്ല. മേൽ ഓഡിറ്റ് എൻകയറി വഴിയും എക്സിറ്റ് മീറ്റിംഗിലും ഫൈനൽ ബിൽ തയ്യാറാക്കിയ അസി. എഞ്ചിനീയറുടെ പേരും മേൽ വിലാസവും ലഭ്യമാക്കേണ്ടാതാണ് എന്ന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ ₹ 1,49,044/- നിരാകരിക്കുന്നു. മേൽ നഷ്ടത്തിന് ഉത്തരവാദി ഫൈനൽ ബിൽ തയ്യാറാക്കിയ അസി. എഞ്ചിനീയർ ആണ്. എന്നാൽ, എം.ബുക്കിലോ ഫൈനൽ ബില്ലിലോ തീയതിയോ അസി. എഞ്ചിനീയറുടെ പേരോ രേഖപ്പെടുത്താതിനാൽ ഓഡിറ്റിന് ഉത്തരവാദിയെ നിർണ്ണയിക്കുന്നതിന് സാധിച്ചിട്ടില്ല. മേൽ പദ്ധതിയുടെ അവസാന ബിൽ സംസ്ഥാനാവിഷികൃത ഫണ്ട് ആയതിനാൽ, പനമരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ട്രഷറി ബിൽ ബുക്കിൽ നിന്നുമാണ് നൽകിയിരിക്കുന്നത്. മേൽ ഓഡിറ്റ് എൻകയറി വഴിയും എക്സിറ്റ് മീറ്റിംഗിലും ഫൈനൽ ബിൽ തയ്യാറാക്കിയ അസി. എഞ്ചിനീയറുടെ പേരും മേൽ വിലാസവും ലഭ്യമാക്കേണ്ടാതാണ് എന്ന് ആവശ്യപ്പെട്ടെങ്കിലും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ, എം.ബുക്കിലോ ഫൈനൽ ബില്ലിലോ തീയതിയോ അസി. എഞ്ചിനീയറുടെ പേരോ രേഖപ്പെടുത്താതെ ഫൈനൽ ബിൽ അനുവദിച്ച ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയാണ് മേൽ നഷ്ടത്തിന് ഉത്തരവാദിയായി ഓഡിറ്റ് വിലയിരുത്തുന്നത്. അധികം നൽകിയ ₹ 1,49,044/- നിരാകരിക്കുന്നു. അവസാന ബിൽ തുക നൽകിയ സെക്രട്ടറിയിൽ നിന്നും അധികം നൽകിയ തുക ഈടാക്കി അറിയിക്കേണ്ടതാണ്.(ഖണ്ഡിക 3-1 കാണുക).

2)കംഫർട്ട് സ്റ്റേഷൻ കെട്ടിടത്തിന്റെ ഫസ്റ്റ് ഫ്ലോറിൽ ആണ് പ്രോജക്ട് പ്രകാരമുള്ള കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. കെട്ടിടം ഉപയോഗിക്കാതെ ചെളി പിടിച്ച് കിടക്കുകയാണ്.





ഗ്രിൽ പൂട്ടിയിരിക്കുന്നത് തുറക്കാൻ താക്കോൽ ലഭ്യമാക്കാത്തതിനാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടിയിട്ടില്ല. പ്ലംബിംഗ് പ്രവർത്തികൾ ചെയ്തിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻകയറി നം: 18/23.10.2025) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ പദ്ധതി ലക്ഷ്യം പൂർത്തീകരിച്ച് അറിയിക്കുന്നത് വരെ ചെലവ് തുക ₹ 17,74,116/- തടസ്സത്തിൽ വെക്കുന്നു.

## 1-28 അസി.എഞ്ചിനിയർ -ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു.

അസി.എഞ്ചിനിയറുടെ പേരിൽ കാനറ ബാങ്കിൽ(IFSC CNRB0000856) 0856101054773 അക്കൗണ്ട് നമ്പറിൽ ഒരു എസ്.ബി അക്കൗണ്ട് നിലവിലുള്ളതായി കാണുന്നു. ഈ അക്കൗണ്ടിൽ ലഭ്യമായ വിവരം അനുസരിച്ച് 01/04/2024- ന് ₹ 13,14,364.55 രൂപ മുന്നിരിപ്പും 31-03-2025 തീയതിയിൽ ₹ 8,08,733.55 രൂപ നീക്കിയിരിപ്പുമുണ്ട്. ഈ തുക ഏതു ഇനത്തിലുള്ള നീക്കിയിരിപ്പാണെന്ന് വ്യക്തമല്ല. ഈ തുകയുടെ നീക്കിയിരിപ്പ് വിവരം ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

02/04/2024 - ന് ₹ 12,27,694/- രൂപ ക്രഡിറ്റ് ആയിട്ടുണ്ട്. 03/04/2024 - ന് ₹ 12,27,694/- രൂപ പിൻവലിച്ചിട്ടുമുണ്ട്(ചെക്ക് നം.00679321322). Fund Transfer As Per Request Of Panamaram എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കാരണം വ്യക്തമല്ല.

30/08/2024 - ന് ₹ 5,41,122/- രൂപ ജയരാജ് കെ.എസ്(അസി.എഞ്ചിനീയർ) പിൻവലിച്ചിട്ടുണ്ട്(ചെക്ക് നം.00679321323). കാരണം വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻകയറി നം: 19/23.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-29 ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഇല്ലാത്ത പ്രവർത്തികൾക്ക് തുക ചെലവാക്കി.

പനമരം ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഇല്ലാത്ത വിവിധ കിണർ നവീകരണ പ്രവർത്തികൾ അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ നമ്പർ/പേര് | അടങ്കൽ(₹) | ചെലവഴിച്ച് തുക(₹) | ബിൽ നം./ചെക്ക് നം./വൗച്ചർ നം./തീയതി |
|---|---|---|---|---|
| 1 | S0444/25, കാട്രാപള്ളി കോളനി പൊതു കിണർ സംരക്ഷണം | 3,00,000/- (CFC) | 2,62,880/- | XVFC/2024-25/P/111/27-03-2025 |
| 2 | S0417/25, എടത്തിൽ കിണർ റിപ്പയറിംഗ് | 3,99,000/- (CFC) | 3,98,387/- | XVFC/2024-25/P/91/19-12-2024 |
| 3 | S0440/25, പത്താം കുഴിയിൽ പൊതു കിണർ റിപ്പയറിംഗ് | 97,000/- (CFC) | 96,680/- | XVFC/2024-25/P/22/17-10-2024 |
| 4 | S0406/25, പഴയ ബീവറേജ് സമീപം നെല്ലറാട്ട് കിണർ റിപ്പയറിംഗ് | 1,76,300/- (CFC) | 1,22,582/- | TRN: 241808000000008780/28-01-2025 |
| 5 | S0449/25, | 1,00,000/- | 97,271/- | TRN: |

| | | | | |
|---|---|---|---|---|
| | ചീക്കണംകുന്ന് എലിക്കോട്ട് കിണർ റിംഗ് ഇടൽ | (CFC) | | 241808000000003255/07-08-2024 |
| 6 | S0414/25, മാതോത്ത് പൊയിൽ കിണർ റിപ്പയറിംഗ് | 50,000/- (CFC) | 31,137/- | XVFC/2024-25/P/5/19-08-2024 |
| 7 | S0465/25, ആറുമൊട്ടം കുന്ന് കിണർ റിപ്പയറിംഗ് | 70,000/- (CFC) | 69,216/- | TRN: 241808000000003254/07-08-2024 |
| 8 | S0461/25, പഴഞ്ചേരിക്കുന്ന് പള്ളിക്ക് സമീപം കിണർ റിപ്പയറിംഗ് | 6.00,000/- (CFC) | 2,08,672/- | XVFC/2024-25/P/106/26-03-2025 |
| | ആകെ | | 12,86,825/- | |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻകയറി നം: 17/23.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കുന്നത് വരെ ₹ 12,86,825/- തടസ്സപ്പെടുത്തുന്നു.

## 1-30 പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാർക്ക് സമയം നീട്ടി നൽകൽ-പിഴ ഈടാക്കിയിട്ടില്ല -

മരാമത്തു പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ പ്രവൃത്തി നിശ്ചയിക്കപ്പെട്ട സമയപരിധിക്കകം പൂർത്തിയാക്കാൻ കഴിയാത്തപക്ഷം പ്രസ്തുത തീയതിക്കു മുമ്പായി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ, കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതും, പ്രസ്തുത അപേക്ഷയിൽ രേഖപ്പെടുത്തിയ കാരണം ഗ്രാമ പഞ്ചായത്ത് ഭരണസമിതി വിലയിരുത്തി ആയത് സത്യസന്ധമാണെങ്കിൽ കാലയളവ് ദീർഘിപ്പിച്ചു നൽകാവുന്നതുമാണ്. എന്നാൽ, പിഴ ഒഴിവാക്കി സമയം ദീർഘിപ്പിച്ചു നൽകാവുന്നതല്ല. 1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാനുവലിലെ വ്യവസ്ഥ 2112, 2112.1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചു നൽകിയാൽ പിഴയീടാക്കാനും അതിന്റെ നിരക്കുകളും മാനുവലിൽ(വ്യവസ്ഥ 2112.1) വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം സമയം ദീർഘിപ്പിച്ചു നൽകുന്നത്, ഒറ്റതവണ ഒറിജിനൽ സമയത്തിന്റെ 25 ശതമാനത്തിലും, പരമാവധി 50 ശതമാനത്തിലും കൂടാൻ പാടില്ലായെന്നും, പിഴയായി ആദ്യ തവണ കരാർ തുകയുടെ 1 ശതമാനവും, തുടർന്ന് കരാർ തുകയുടെ 2 ശതമാനം വീതവും ഈടാക്കണമെന്നുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. സർക്കാർ ഉത്തരവ് G.O(Ms)No. 21/2024/PWD തീയതി 02/04/2024 പ്രകാരം മേൽ പ്രകാരം, പിഴ ഈടാക്കി കാലയളവ് പരമാവധി 50 ശതമാനത്തിൽ നീട്ടി നൽകിയതിനു ശേഷവും പ്രവർത്തി പൂർത്തീകരിക്കുന്നതിന് വീഴ്ച വരുത്തുന്ന പക്ഷം പിന്നീട് പ്രവർത്തി പൂർത്തിയാക്കാൻ വൈകുന്ന ഓരോ ആഴ്ചക്കും കരാർ തുകയുടെ 0.1% വീതം ലിക്വിഡേറ്റഡ് ഡാമേജും ഈടാക്കേണ്ടതാണ്. താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ, കരാർ പ്രകാരമുള്ള സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. കരാറുകാരനിൽ നിന്നും കരാർ പ്രകാരമുള്ള പിഴ ഈടാക്കാതെ, അവസാന ബിൽ തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**മാനാഞ്ചിറ അംഗൺവാടി പുനർ നിർമ്മാണം**

| | |
|---|---|
| **പ്രോജക്ട് നം./പേര്** | നം. S0489/25(SO), മാനാഞ്ചിറ അങ്കണവാടി പുനർ നിർമ്മാണം |
| **അടങ്കൽ** | ₹ 6,39,653/-(വികസന ഫണ്ട് ജനറൽ) |
| **ചെലവ് തുക, ബിൽ നം./ തീയതി** | ₹ 4,90,481/- (TRN. 214180300000009719/22-02-2025) |
| **കരാർ നം./തീയതി** | AE/LSGD/PNM/13/2023-24/16-05-2023 |
| **കരാറുകാരന്റെ പേര്** | ശ്രീ. അബ്ദുൾ നാസ്സർ |
| **Estimate PAC** | ₹ 12,70,603.53 |

| | |
|---|---|
| **TS No.** | 14048/2023/03-03-2023 |
| **കരാർ തുക** | ₹ 12,70,518/- |
| **കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാകേണ്ട തീയതി** | 31/03/2024 |
| **എം.ബുക്ക് നം.** | PRICE 3 |
| **PRICE 3 ഇ-എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തിയായ തീയതി** | 14/08/2024 |
| **പ്രവൃത്തി വൈകിയ കാലയളവ്** | 4 മാസം 14 ദിവസം |
| **ആകെ കരാർ കാലയളവ്** | 10.5 മാസം |
| **ഈടാക്കേണ്ടിയിരുന്ന പിഴ** | ആദ്യത്തെ 2.6 മാസം വരെ (ഒറിജിനൽ സമയത്തിന്റെ പരമാവധി 25 ശതമാനം) ₹ 12,70,518/-ന്റെ 1% = 12,705.18<br>രണ്ടാമത്തെ 2.6 മാസം വരെ (ഒറിജിനൽ സമയത്തിന്റെ പരമാവധി 50 ശതമാനം) ₹ 12,70,518/-ന്റെ 2% = 25,410.36<br>ആകെ ഈടാക്കേണ്ടിയിരുന്ന പിഴ - ₹ 38,116/- |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻകയറി നം: 17/23.10.2025) ലഭ്യമാക്കിയ മറുപടിയിൽ അടിയന്തിര സാഹചര്യങ്ങൾ കാരണം ആണ് പ്രവർത്തി നീണ്ടു പോയതെന്നും ഫൈൻ ഒഴിവാക്കണമെന്നും അറിയിച്ചിട്ടുണ്ട്. മറുപടി തൃപ്തികരമല്ല. ഫൈൻ ₹ 38,116/- അടവാക്കി അറിയിക്കേണ്ടതാണ്.

## 1-31 ഷീ ഹെൽത്ത് പദ്ധതി - ടെണ്ടർ നടപടികളിലെ അപാകതകൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി പനമരം |
| പ്രോജക്ട് | ഷീ ഹെൽത്ത് പദ്ധതി (803/25 ) |
| അടങ്കൽ | 6,00,000/- (വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് | 5,82,520/- (വികസന ഫണ്ട് പൊതുവിഭാഗം) |
| ബിൽ നമ്പർ | 1. TRN - 241808000000010943/ 21.03.2025 -96748/-<br>2. TRN - 241808000000010420/ 11.03.2025 - 485772/- |

പഞ്ചായത്തിലെ യുവതികൾക്ക് വ്യായാമം , സ്വയരക്ഷ പരിശീലനമക്കടമുള്ള ആരോഗ്യ പരിപാലന പരിപാടികൾ നടത്തുന്നതിനാണ് പദ്ധതി നടപ്പാക്കിയത് .

സി.എച്ച്.സി ലെ ഫിസിയോ തെറാപ്പി യൂണിറ്റിലേക്ക് തെറാപ്പി ഉപകരണങ്ങൾ വാങ്ങുന്നതിനും( 96748/-) , ഓപ്പൺ ജിം ഉപകരണങ്ങൾ വാങ്ങുന്നതിനുമാണ് (485772/-)തുക ചെലവഴിച്ചിരിക്കുന്നത്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പദ്ധതി നടപ്പാക്കുന്നതിന് ഇ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഫിസിയോ തെറാപ്പി ഉപകരണങ്ങൾ ലിമിറ്റഡ് ടെണ്ടർ മുഖേനെയും , ഓപ്പൺ ജിം ഉപകരണങ്ങൾ വാങ്ങുന്നതിന് ടെണ്ടർ മുഖേനെയും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

2. ടെണ്ടർ നടത്തുന്നതിന് പഞ്ചായത്തിന്റെ ടെണ്ടർ ഫോറം ഉപയോഗിക്കുന്നതിന് പകരം ഹെൽത്ത് ഡിപ്പാർട്ടമെന്റ് മുഖേന സപ്ലൈ ചെയ്ത ടെണ്ടർ ഫോറമാണ് ഉപയോഗിച്ചിരിക്കുന്നത്.

3. ഓപ്പൺ ജിം ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നോട്ടീസ് പ്രകാരം(58/2025 Dtd. 24.01.2025) 1000/- രൂപ + 18% ജി.എസ്.ടി ഒടുക്കി ടെണ്ടർ ഫോറം വാങ്ങാവുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ടെണ്ടർ ഫോറം വില പഞ്ചായത്തിൽ നേരിട്ട് അടവാക്കുകയോ, തുക സ്വീകരിക്കുന്നതിന് പഞ്ചായത്ത് മാനുവൽ രസീതോ ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. ടി.ആർ 5 ഇ ചലാൻ മുഖേന ടെണ്ടറിൽ

പങ്കെടുത്ത 3 സ്ഥാപനങ്ങളിൽ നിന്നും 500/- രൂപ വീതം തുക ഈടാക്കി 0210-02-800-99-00 Other Items 1 എന്ന ശീർഷകത്തിൽ ഒടുക്കുകയാണ് ചെയ്തിട്ടുള്ളത്. ടെണ്ടർ ഫോറത്തിന്റെ ജി.എസ്.ടി ഈടാക്കിയിട്ടില്ല.

4 . ഓപ്പൺ ജിം ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നോട്ടീസ് പ്രകാരം(58/2025 Dtd. 24.01.2025) ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ 5000/- രൂപ ഇ.എം.ഡി (നിരതദ്രവ്യം) ഒടുക്കേണ്ടതാണ്. എന്നാൽ ഇ.എം.ഡി ഒടുക്കിയിട്ടില്ല.

5. ഫയൽ പരിശോധിച്ചതിൽ The Sport Fort Payyampally,, Star Sports Thrissur, WSCC Wayanad എന്നീ സ്ഥാപനങ്ങളാണ് ഓപ്പൺ ജിം ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളത്. പ്രസ്തുത ടെണ്ടറുകളിൽ The Sport Fort Payyampally എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടറിലും, Star Sports Thrissur എന്ന സ്ഥാപനത്തിന്റെ ടെണ്ടറിലും The Sport Fort എന്ന സ്ഥാപനത്തിന്റെ സീൽ ആണ് പതിപ്പിച്ചിരിക്കുന്നത്. മൂന്നാമത്തെ സ്ഥാപനമായ WSCC ന്റെ ടെണ്ടറിൽ സ്ഥാപനത്തിന്റെ സീൽ പതിപ്പിച്ചിട്ടില്ല.

6. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ The Sport Fort Payyampally എന്ന സ്ഥാപനത്തിന്റെ ടെണ്ടർ മെഡിക്കൽ ഓഫീസർ അംഗീകരിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്ത് പ്രൊക്യുയർമെന്റ് കമ്മിറ്റിയോ, ഭരണസമിതിയോ ടെണ്ടർ നടപടികൾക്ക് അംഗീകാരം നൽകിയിട്ടില്ല.

മേൽ അപാതകകൾക്ക് വിശദീകരണം നൽകേണ്ടതും അധിക വിവരങ്ങൾ ഉണ്ടെങ്കിൽ 25.10.2025 നകം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻകയറി നം. 20/24.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 5,82,520/ തടസ്സത്തിൽ വെക്കുന്നു.

## 1-32 എസ്.എസ്.കെ വിഹിതം നൽകൽ - അധിക തുക തിരികെ ലഭ്യമായില്ല

താഴെ പറയുന്ന പ്രോജക്ട് പ്രകാരം സമഗ്ര ശിക്ഷാ കേരള പദ്ധതിക്കായി 2024-25 വർഷത്തിൽ ഹെഡ്മാസ്റ്റർ ചുവടെ കൊടുക്കുന്ന തരത്തിൽ വിഹിതം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 56/25-എസ്.എസ്.കെ പ്രൊജക്ടുകൾക്ക് വിഹിതം നൽകൽ ,<br>58/25എസ്.എസ്.കെ വിഹിതം നൽകൽ - എസ് .ടി,<br>61/25 എസ്.എസ്.കെ പ്രൊജക്ടുകൾക്ക് വിഹിതം നൽകൽ - പട്ടികജാതി |
| മുൻകൂറായി നൽകിയ തുക | ₹5,00,000/-(241808000000010932/20.3.2025)<br>₹4,50,000/-(241808000000010930/20.3.2025)<br>₹1,00,000/-(241808000000010931/20.3.2025) |

